# ദി ഡിഫെൻഡർ

Vol. No. 9 Issue No. 19 RNI Reg. No. 68089 / 97. Published From Perumbavoor 2006 OCTOBER 1 Price: Rs.100/- P.A.


# കെ.സി.ജോണിന്റെ സഭയിൽ ഷാജിപ്രശ്നം രൂക്ഷമാകുന്നു

കെ.സി.ജോണിന്റെ സ്വന്തം സഭയായ നെടുമ്പ്രം ഐ.പി.സിയിൽ ഷാജിപ്രശ്നം രൂക്ഷമാകുന്നു. സഭയിലെ അസിസ്റ്റന്റ് പാസ്റ്ററായ ഷാജിയും കെ.സി. ജോണിന്റെ ഭാര്യയായ പ്രെയ്സും തമ്മിലുള്ള അവിഹിത ബന്ധമാണ് പ്രശ്നത്തിന് വഴിവെച്ചിരിക്കുന്നത്.

വിവിധ പരിപാടികളുമായി കെ.സി.ജോൺ മിക്ക ദിവസങ്ങളിലും ഊരുചുറ്റുകയാകും. സഭയിലെ മുഖ്യ അസിസ്റ്റന്റ് പാസ്റ്റർ എന്ന നിലയിൽ ഷാജിയാണ് സഭാഭരണം നടത്തുന്നത്. പക്ഷേ ഷാജിയുടെ അസിസ്റ്റൻസ് സഭയിൽ മാത്രമല്ല കിടപ്പറയിലും തുടങ്ങിയതോടെ കാര്യങ്ങൾ കുഴപ്പത്തിലേക്ക് നീങ്ങി.

ഏറെ താമസിയാതെ അരമനരഹസ്യം നെടുമ്പ്രത്ത് പാട്ടായി. മന:സമാധാനത്തോടെ അസിസ്റ്റൻസ് നടത്താൻ ബുദ്ധിമുട്ടും ഉണ്ടായി. അസിസ്റ്റൻസ് വേണ്ടെന്നു വെയ്ക്കാനും വയ്യ. അങ്ങനെയാണ് കലാപരിപാടി ജില്ലാതലത്തിൽ വ്യാപിപ്പിക്കാൻ തീരുമാനമായത്. ആദ്യപടി എന്ന നിലയ്ക്ക് ആലപ്പുഴയിലുള്ള ഒരു ലോഡ്ജിൽ മുറിയെടുത്ത് അസിസ്റ്റൻസ് പൊടിപൊടിച്ചു. സംഗതി മോശമല്ല എന്ന് ബോദ്ധ്യമാകുകയും ചെയ്തു. പക്ഷേ അസൂയാലുക്കളായ പൊതുജനത്തിന് ഇതൊന്നും അത്ര രസിച്ചില്ല. അവർ ഈ കഥ നാട്ടിൽ പാട്ടാക്കി. സംഭവം ഡിഫെൻഡർ അറിയുകയും



അസിസ്റ്റന്റ് ഷാജി

ചെയ്തു. സത്യം പറയാൻ ഭയമില്ലാത്തതുകൊണ്ട് ഡിഫെൻഡർ ഈ അസിസ്റ്റൻസ് ഇതിഹാസം മാലോകരെ അറിയിച്ചു. പ്രശ്നം ഗുരുതരമാകാൻ കാരണമിതാണ്.

ഇങ്ങനെയൊന്നും നടക്കുന്നില്ലെന്നും നടന്നിട്ടില്ലെന്നും ഒക്കെ ഷാജി പറയുന്നുണ്ടെങ്കിലും ഡിഫെൻഡർ പറയുന്നത് സത്യമാണെന്ന് സഭയിലുള്ളവർക്കും നെടുമ്പ്രത്തെ നാട്ടുകാർക്കും അറിയാം. അതുകൊണ്ട് ഷാജി ഇപ്പോൾ ഡിഫെൻഡറിനെതിരെ ശാപം ചൊരിഞ്ഞുകൊണ്ട് നടക്കുകയാണ്. ഫറവോനും സൈന്യവും ചെങ്കടലിൽ താണുപോയതുപോലെ ഡിഫെൻഡർ നശിച്ചുപോകുമെന്നാണ് പ്രസംഗം.

ഷാജിക്കെതിരെ ഡിഫെൻഡർ എഴുതുന്നതിൽ കെ.സി.ജോൺ ഉള്ളുകൊണ്ട് സന്തോഷിക്കുന്നു എന്നതാണ് രസകരമായ ഒരു കാര്യം. സ്വന്തം ഭാര്യയുടെ ദുർന്നടപ്പുകഥകൾ നാടുനീളെ പാട്ടാകുന്നതിൽ കെ.സി. ജോണിന് ദു:ഖമുണ്ടെങ്കിലും ഷാജിയെ സഭയിൽ നിന്നും ഒഴിവാക്കാൻ ഈ പ്രശ്നങ്ങൾ സഹായകമാകും എന്നതിലാണ് കെ.സി. ജോണിന് സന്തോഷം. ഷാജിയെ ഒഴിവാക്കുന്ന തിന്റെ ആദ്യപടി എന്ന നിലയിൽ കെ.സി.ജോൺ ഇപ്പോൾ യിഫ്ത്താഹിനേക്കുറിച്ച് പ്രസംഗിക്കാൻ ആരംഭിച്ചിട്ടുണ്ട്.

യിഫ്ത്താഹും ഷാജിയും തമ്മിൽ എന്തുബന്ധം എന്ന് ചോദിച്ചേക്കാം. അത് ഒരു രഹസ്യമാണ്. ഷാജിയുടെ മാതാവായ അന്നമ്മയ്ക്ക് ചോരയും നീരും ഉണ്ടായിരുന്ന കാലത്ത് ഊരുചുറ്റി നടന്ന് സമ്പാദിച്ചതാണ് ഈ പ്രിയതനയനെ. ഇവന്റെ പിതാവാരെന്ന് ചോദിച്ചാൽ ചുറ്റുവട്ടത്തുള്ള കുറച്ചധികം അച്ചായൻമാരിൽ ആരോ ഒരാൾ എന്നേ അന്നമ്മയ്ക്കും പറയാൻ കഴിയൂ.കെ.സി.ജോൺ യിഫ്ത്താഹിനേക്കുറിച്ച് പ്രസംഗിക്കുന്നതിന്റെ ഗുട്ടൻസ് ഇതാണ്.

ഏതായാലും ഷാജിപ്രശ്നം മൂലം നെടുമ്പ്രം ഐ.പി.സിയിലെ വിശ്വാസികൾക്ക് നാണക്കേടായിരിക്കയാണ്. നാട്ടിലൂടെ തലയുയർത്തി നടക്കാൻ കഴിയാത്ത സ്ഥിതി.

# ഇന്ത്യാക്കാർ എച്ചിലാണ്: കെ.എ.ഏബ്രഹാം




ഇന്ത്യാക്കാർ എച്ചിലാണെന്ന് കെ.എ.ഏബ്രഹാം. കഴിഞ്ഞ ദിവസം പവ്വർ വിഷനിൽ നടത്തിയ ഒരു പ്രസംഗത്തിലാണ് കെ.എ. ഏബ്രഹാം പ്രകോപനപരമായ ഈ പ്രസ്താവന നടത്തിയത്. യേശുക്രിസ്തു അഞ്ച് അപ്പംകൊണ്ട് അയ്യായിരം ആളുകളെ പോഷിപ്പിച്ച സംഭവം ഉദ്ധരിച്ച് വ്യാഖ്യാനിക്കവെയാണ് ഇത്തരമൊരു പമ്പര വിഡ്ഢിത്തം ഈ മഹാപണ്ഡിതൻ എഴുന്നെളളിച്ചത്.

അയ്യായിരം പുരുഷൻമാർ ഭക്ഷണം കഴിച്ചു. മിച്ചം വന്ന അപ്പക്കഷണങ്ങൾ ശിഷ്യൻമാർ പെറുക്കിയെടുത്ത് കൊട്ടയിലാക്കി. ആരാണ് ഈ അപ്പക്കഷണങ്ങൾ? ഇന്ത്യയിലെ ജനങ്ങളാണിത്. ''ഞങ്ങളെ ആര് കൊട്ടയിലാക്കും'' എന്നു ചോദിച്ച് അവർ നിലവിളിക്കയാണ്.

ഉഗ്രൻ വ്യാഖ്യാനം എന്നല്ലാതെ എന്തു പറയാൻ. രണ്ടായിരം കൊല്ലം മുൻപ് അയ്യായിരം ആളുകൾ കടിച്ചുപറിച്ചിട്ട എച്ചിൽ എങ്ങനെ ഇന്ത്യാക്കാരായി? എന്ത് അടിസ്ഥാനത്തിലാണ് ഈ വിദ്വാൻ ഇങ്ങനെ പറഞ്ഞത്? ഒരു എത്തും പിടിയും കിട്ടുന്നില്ല.

വലിയ പ്രസംഗകനായിപ്പോയി എന്ന അഹങ്കാരം തലയ്ക്കുപിടിക്കുമ്പോഴാണ് ഇങ്ങനെയൊക്കെ പ്രസംഗിക്കാൻ തോന്നുന്നത്. ഇത്തരം തോന്ന്യാസങ്ങൾ പ്രസംഗിക്കുന്നവരെ എതിർക്കാതെ പറ്റില്ല.

(കെ.എ.ഏബ്രഹാമിന് തെറ്റിയതെവിടെ? ........ പേജ് 5)

# പെരുമ്പെട്ടി ഐ.പി.സിയിൽ കെ.കെ.ചെറിയാന്റെ ഗുണ്ടാവിളയാട്ടം

പെരുമ്പെട്ടി ഐ.പി.സി (ഫിലാഡെൽഫിയ) സഭയിൽ റാന്നി വെസ്റ്റ് സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാന്റെ നേതൃത്വത്തിൽ ഗുണ്ടകൾ അഴിഞ്ഞാടി. സഭാശുശ്രൂഷകനായ ഏബ്രഹാം ഷാജിയെ പുറത്താക്കി പുതിയ പാസ്റ്ററെ വാഴിക്കാനാണ് സെന്റർ പാസ്റ്ററായ കെ.കെ. ചെറിയാൻ ഗുണ്ടകളുമായെത്തിയത്.

അടുത്ത കാലം വരെ പാസ്റ്റർ ഏബ്രഹാം ഷാജിയും കെ.പി.കുര്യനും ഐ.പി.സി. പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിന്റെ ഇടംകൈയ്യും വലംകൈയ്യും ആയിരുന്നു. ഡിഫെൻഡറിനെതിരെ ടി.എസ്.ഏബ്രഹാം നടത്തിയ പോരാട്ടങ്ങളുടെ ചുക്കാൻ പിടിച്ചിരുന്നത് ഇവരാണ്. ടി.എസ്.ഏബ്രഹാമിനോടുള്ള സ്നേഹവും ബഹുമാനവും മൂലമാണ് ഇവർ അന്ധമായി ഡിഫെൻഡറിനെ എതിർക്കുകയും ടി.എസ്. ഏബ്രഹാമിനെ സംരക്ഷിക്കാൻ തയ്യാറാകുകയും ചെയ്തത്. സൈബർ കേസ്സിന്റെ പിന്നിലും ഇവരുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. എന്നാൽ ഡിഫെൻഡർ പറഞ്ഞതെല്ലാം ശരിയാണെന്നും ടി.എസ്.ഏബ്രഹാം ഗുരുതരമായ പാപങ്ങളിൽ ജീവിക്കുന്ന വ്യക്തിയാണെന്നും പിന്നീട് ഇവർക്കു മനസ്സിലായി. അതോടെ ഇവർ ടി.എസ്.ഏബ്രഹാമിനോട് അകന്നു. ഇത് ടി.എസ്.ഏബ്രഹാമിന് സഹിക്കാൻ കഴിഞ്ഞില്ല. ടി.എസ്. ഏബ്രഹാമിനെ എല്ലാവരും കൈവിട്ട കാലത്ത് സഹായിക്കാൻ ഇവർ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ അതൊക്കെ മറന്നിട്ട് ടി.എസ്.ഏബ്രഹാം കെ.പി.കുര്യനെ നിഷ്ക്കരുണം പുറത്താക്കി.

പിന്നീട് ഏബ്രഹാം ഷാജിയെ പുറത്താക്കാനുള്ള ശ്രമം ആരംഭിച്ചു. എങ്കിലും തക്കതായ ഒരു കാരണം കിട്ടാതെ വിഷമിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് ഐ.പി.സി.ഇലക്ഷൻ വന്നത്. ഐ.പി.സിയുടെ ഭരണഘടനയ്ക്കു വിരുദ്ധമായ ചട്ടങ്ങൾ തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയതിനെതിരെ ഏബ്രഹാം ഷാജി കേസ്സ് കൊടുത്തതോടെ ടി.എസ്.ഏബ്രഹാമിന് സന്തോഷമായി. സഭയ്ക്കെതിരെ കേസ്സ് കൊടുത്തു എന്ന കാരണം പറഞ്ഞ് ടി.എസ്.ഏബ്രഹാം ഏബ്രഹാം ഷാജിയെ പുറത്താക്കി. നിയമവിരുദ്ധമായ ഈ കല്പനയുടെ ബലത്തിൽ സ്റ്റേറ്റ് കൗൺസിൽ പെരുമ്പെട്ടി സഭയിലേക്ക് പുതിയ പാസ്റ്ററെ നിയമിക്കയും ചെയ്തു.

ഏബ്രഹാം ഷാജിയെ സഭയിൽ നിന്നും പുറത്താക്കി പുതിയ പാസ്റ്ററെ അവരോധിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല എന്ന് സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാന് അറിയാം. അതുകൊണ്ട് ഒരുസംഘം ഗുണ്ടകളുമായി കെ.കെ.ചെറിയാൻ സെപ്റ്റംബർ 24ന് രാവിലെ 8.30ന് പെരുമ്പെട്ടി സഭയിൽ എത്തി. പക്ഷേ വിശ്വാസികളുടേയും നാട്ടുകാരുടേയും എതിർപ്പുമൂലം പദ്ധതി പൊളിഞ്ഞു. സഭാഹാളിന്റെ ഏതാനും ജനൽച്ചില്ലുകൾ തകർക്കാൻ മാത്രമേ ഇവർക്ക് കഴിഞ്ഞുള്ളൂ.

(ഇത് കടുത്ത നീതിനിഷേധം... പേജ് 4 നോക്കുക).

# ശാരോനിൽ വീണ്ടും മണ്ടൻസമ്മേളനം

ശാരോനിലെ മണ്ടൻമാർ വീണ്ടും തിരുവല്ലയിൽ ഒത്തുകൂടി. സംഭവം നടന്നത് കഴിഞ്ഞ 27ന് ആയിരുന്നു. ഈ വർഷത്തെ ശാരോൻ കൺവെൻഷൻ നടത്താൻ പണം കൊടുക്കുക എന്ന അതിമഹത്തായ അധികാരം പൊതുസഭാമണ്ടൻമാർക്ക് സഭാനേതൃത്വം നൽകി. ഇത്ര വലിയ അധികാരം ലഭിച്ചതിൽ സന്തോഷിച്ച് മണ്ടൻമാർ വീടുകളിലേക്ക് മടങ്ങുകയും ചെയ്തു.

വർഷത്തിൽ ഒരിക്കലാണ് ശാരോനിൽ പൊതുസഭാമണ്ഡലം എന്ന മണ്ടൻ സമ്മേളനം നടക്കുന്നത്. എല്ലാ സെക്ഷനിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പാസ്റ്റർമാരും വിശ്വാസികളുമാണ് പ്രതിനിധികളായി എത്തുന്നത്. തങ്ങൾ ശാരോനിലെ അംഗങ്ങളാണെന്നും ശാരോന്റെ ഭരണചക്രം തിരിക്കുക എന്ന ഉശിരൻ അധികാരം വിനിയോഗിക്കാനാണ് പോകുന്നതെന്നും ഒക്കെയാണ് ഈ പ്രതിനിധികൾ കരുതുന്നത്. പക്ഷേ ശാരോന്റെ നേതാക്കൻമാരായ ഇരുപതിൽ താഴെ ആളുകൾ മാത്രമേ ശാരോനിൽ അംഗങ്ങളായുള്ളൂ എന്നും ശാരോനിലെ സാധാരണക്കാരായ പാസ്റ്റർമാരോ വിശ്വാസികളോ ശാരോനിലെ അംഗങ്ങൾ അല്ല എന്നും ഈ മണ്ടശ്ശിരോമണികൾ അറിഞ്ഞില്ല. ഇത്തരം സത്യങ്ങൾ നേതാക്കൻമാർ പറഞ്ഞുമില്ല.

ശാരോൻ ഭരിക്കാൻ എത്തിയ ഈ സാധുക്കൾ നേതാക്കൻമാരുടെ പ്രസംഗം കേട്ട് ഹാലേലൂയ്യാ പറയുകയും അവർ പറയുന്നതെല്ലാം ഭയഭക്തിബഹുമാനങ്ങളോടെ അനുസരിക്കുകയും ചെയ്തു. ശാരോൻ കൺവെൻഷൻ നടത്താൻ ആവശ്യമായ പണം പതിവുപോലെ ഇത്തവണയും പിരിച്ചു നൽകാമെന്ന് മണ്ടൻമാർ സമ്മതിച്ചു. എല്ലാം കഴിഞ്ഞ് പരിപ്പുവടയും ചായയും കഴിച്ച് മണ്ടൻമാർ വിടകൊണ്ടു.

ദി ഡിഫെൻഡർ
Vol. No.9 Issue No. 19 2006 October 1

# മാറാട് ഇനി ഒരിക്കലും ആവർത്തിക്കാതിരിക്കട്ടെ

ചില മുറിവുകൾ ഒരിക്കലും ഉണങ്ങുകയില്ല. മറ്റു ചിലത് ഉണങ്ങിയാലും പാട് അവശേഷിക്കും. മതേതര ഭാരതത്തിന്റെ നെറ്റിയിൽ ഏറ്റ മുറിവാണ് മാറാട്. അത് ഉണങ്ങുമോ എന്ന് സംശയമാണ്. ഉണങ്ങിയാലും അതിന്റെ പാട് അവശേഷിക്കും.

ഏതു മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനും ഇന്ത്യൻ പൗരന് അവകാശമുണ്ട്. പക്ഷേ മതത്തിന്റെ പേരിൽ അന്യോന്യം കടിച്ചുകീറുന്ന പ്രവണത ആർക്കും ഗുണം ചെയ്യുകയില്ല. പരസ്പരം കൊന്ന് നേട്ടമുണ്ടാക്കാമെന്ന് ആരെങ്കിലും കണക്കു കൂട്ടുന്നെങ്കിൽ അത് തെറ്റാണ്.

മാറാട് കമ്മീഷൻ റിപ്പോർട്ട് വന്നിരിക്കുന്നു. അതിൽ പലരേയും പേരെടുത്തു പറഞ്ഞ് കുറ്റപ്പെടുത്തിയിട്ടുമുണ്ട്. ആരോപണ വിധേയരായ എല്ലാവരും കുറ്റം നിഷേധിക്കുകയും മറ്റുള്ളവരെ പഴിചാരി രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. കാര്യങ്ങൾ ഇങ്ങനെ പുരോഗമിക്കുമ്പോഴും മാറാട്ടെ മുറിവ് ഉണങ്ങാതെ കിടക്കുന്നു. ഉറ്റവരും ഉടയവരും നഷ്ടമായവരുടെ കണ്ണുനീർ തോരുന്നില്ല. ഉള്ളിന്റെ ഉള്ളിൽ പ്രതികാര ദാഹവുമായി നടക്കുന്നവർ തിരിച്ചടിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനുമാവില്ല.

കമ്മീഷൻ റിപ്പോർട്ട് സത്യമാണെങ്കിൽ അധികാരികളുടെ നിസ്സംഗതയാണ് രണ്ടാം കലാപത്തിന്റെ കാരണം. കാലാപമുണ്ടാകാനുള്ള സാദ്ധ്യത മുൻകൂട്ടി അറിഞ്ഞിട്ടും ആവശ്യമായ മുൻകരുതൽ എടുത്തില്ല. ഐ.എ.എസ്-ഐ.പി.എസ് ഉദ്യോഗസ്ഥർ തമ്മിലുള്ള ശീതസമരം കലാപകാരികൾക്ക് സഹായകമായി. മതത്തിന്റെ പേരിൽ കാപാലികർ അഴിഞ്ഞാടി. സർക്കാർ നോക്കിനിന്നു.

ഇപ്പോഴിതാ സർക്കാർ സി.ബി.ഐ അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നു. ഒന്നാം കലാപം അന്വേഷണത്തിൽ ഉൾപ്പെടുത്തുന്നതിനെതിരെ ബി.ജെ.പി രംഗത്തുണ്ട്. ബി.ജെ.പിയുടെ ഈ നിലപാട് അപഹാസ്യമാണെന്ന് പറയാതെവയ്യ. ഒന്നാം കലാപം ഉണ്ടായതുകൊണ്ടാണ് ഒരു രണ്ടാം കലാപം ഉണ്ടായത്. അതുകൊണ്ട് രണ്ടു കലാപങ്ങളേക്കുറിച്ചും അന്വേഷിക്കണം. കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. കുറ്റവാളികൾ ബി.ജെ.പിക്കാരാണോ മുസ്ലീം ലീഗുകാരാണോ എന്നൊന്നും നോക്കേണ്ടതില്ല. കൊലിയാളികളുടെ മതം ഏതുതന്നെ ആയാലും അവർ ശിക്ഷിക്കപ്പെടണം. സി.ബി.ഐ അന്വേഷിച്ചാൽ സത്യം പുറത്തുവരും എന്നൊരു വിശ്വാസം ജനങ്ങൾക്കുണ്ട്. അതുകൊണ്ട് സി.ബി.ഐ മാറാട് കലാപങ്ങളേക്കുറിച്ച് അന്വേഷിക്കട്ടെ. കുറ്റവാളികളെ കണ്ടെത്തട്ടെ. തെറ്റു ചെയ്തത് എത്ര വലിയ നേതാക്കൻമാരായാലും, അവരുടെ രാഷ്ട്രീയ ബന്ധം എങ്ങനെയുള്ളതായാലും, നീതി നടക്കണം. ഇനിയൊരു മാറാട് ഉണ്ടാകാതിരിക്കാൻ അത് ആവശ്യമാണ്.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

"ശത്രുക്കൾക്കുപോലും ഈ ഗതി വരുത്തരുതേ" എന്ന് സാമാന്യ ബോധമുള്ള ആരും പ്രാർത്ഥിച്ചുപോകുന്ന സ്ഥിതിയിലാണ് പിതാവും പുത്രനും. ഇല്ലത്തൂന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് ഒട്ട് എത്തിയതുമില്ല എന്ന സ്ഥിതി. ഡി.ഐ.സി രൂപീകരിക്കുന്ന കാലത്ത് എന്തൊക്കെ പ്രതീക്ഷകളായിരുന്നു. ഇടതുപക്ഷം രണ്ടുകൈയ്യും നീട്ടി സ്വീകരിക്കും. അസംബ്ലി തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം സ്വാഭാവികമായും വൻവിജയം നേടും. യു.ഡി.എഫിന് കനത്ത തിരിച്ചടി കിട്ടും. ലീഡർ ഇല്ലാത്ത യു.ഡി.എഫ് ശവപ്പറമ്പാണ് എന്ന് നാടുനീളെ പറഞ്ഞു നടക്കാം. എൽ.ഡി.എഫ് അധികാരത്തിൽ വരുമ്പോൾ ആഭ്യന്തരം ഉൾപ്പെടെ പ്രധാനപ്പെട്ട വകുപ്പുകൾ തട്ടിയെടുക്കാം. അങ്ങനെ അഞ്ചു വർഷം പൊടിപൊടിക്കാം.

അടുത്ത തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് ജയിക്കും. (അതാണല്ലോ കേരളത്തിലെ സ്ഥിരം പതിവ്). അത് മുൻകൂട്ടി കണ്ട് ഇടതുമുന്നണിയിൽ ഭിന്നത ഉണ്ടാക്കാം. കാലാവധി തീരുന്നതിന് തൊട്ടുമുൻപ് ഡി.ഐ.സി മന്ത്രിമാരെല്ലാം രാജിവെച്ച് പിരിയും. ഡി.ഐ.സി ഇടതുമുന്നണി വിടുകയും ചെയ്യും. കരുണാകരനില്ലാതെ രക്ഷയില്ല എന്ന് സോണിയ ഗാന്ധിയെ ബോദ്ധ്യപ്പെടുത്തി കോൺഗ്രസ്സിലേക്ക് തിരിച്ചു വരും. മുരളിയെ മുഖ്യമന്ത്രി ആക്കണമെന്നതായിരിക്കും മുഖ്യ ഡിമാന്റ്. അങ്ങനെ യു.ഡി.എഫ് വിജയിക്കും. കരുണാകരൻ ഉള്ളതുകൊണ്ടാണ് യു.ഡി.എഫ് വിജയിച്ചതെന്ന് വീമ്പിളക്കാം. അങ്ങനെ പിതാവും പുത്രനും കേരള രാഷ്ട്രീയത്തിലെ നിർണ്ണായക ശക്തിയാണെന്ന് തെളിയിക്കാം. ഇങ്ങനെ എന്തെല്ലാം പ്രതീക്ഷകളായിരുന്നു. പക്ഷേ മനസ്സിൽ കണ്ടതെല്ലാം വടികുത്തി പിരിഞ്ഞു.

ഇടതുമുന്നണി കൈവിട്ടതോടെ ഡി.ഐ.സി ശരിക്കും അന്ധാളിച്ചു. എന്തു ചെയ്യണമെന്നറിയാതെ വട്ടം കറങ്ങി. ഒറ്റയ്ക്കു നിന്ന് ശക്തി തെളിയിക്കാൻ തീരുമാനിച്ചു. പക്ഷേ ഉള്ള ശക്തി എത്രയെന്ന് തെളിഞ്ഞാൽ പൂച്ച് പുറത്താകുമെന്ന് അറിയാവുന്നതുകൊണ്ട് ഒടുവിൽ യു.ഡി.എഫുമായി ചേർന്നു. പക്ഷേ പൊതുജനം പാഠം പഠിപ്പിച്ചു. അങ്ങനെ യു.ഡി.എഫ് ബന്ധം വിട്ടു. എങ്ങനെയെങ്കിലും എൽ.ഡി.എഫിൽ കടന്നു കൂടണം. പരകായപ്രവേശം വഴി അത് സാധിച്ചെടുക്കാനുള്ള തന്ത്രങ്ങളാണ് ഇപ്പോൾ പയറ്റുന്നത്. പക്ഷേ ഡി.ഐ.സി എൽ.ഡി.എഫിൽ കടന്നുകൂടുകയല്ല മറിച്ച് ഇപ്പോൾ എൽ.ഡി.എഫിലുള്ള എൻ.പി.സി പുറത്താകുകയാകും ഫലം എന്നു തോന്നുന്നു. ഇത്ര ഗതികെട്ട ഒരു പാർട്ടി ഈ ഭൂമിമലയാളത്തിൽ വേറെയില്ല.

ശോഭനാജോർജ് നടത്തിയ നാടകം അസ്സലായി. മുൻകൂട്ടി തീരുമാനിച്ച് ഉറപ്പിച്ചതനുസരിച്ച് പ്രവർത്തകർ എത്തുന്നു. കോൺഗ്രസ്സിൽ ചേർന്ന് മതിയാകൂ എന്ന് നിർബ്ബന്ധം പിടിക്കുന്നു. ആദ്യമൊന്നും ശോഭന വഴങ്ങുന്നില്ല. ഒടുവിൽ, പ്രവർത്തകരുടെ നിർബ്ബന്ധം സഹിക്കവയ്യാതെ കൊൺഗ്രസ്സിൽ ചേരാൻ തീരുമാനിച്ച് എഴുതി ഒപ്പിട്ടു കൊടുക്കുന്നു. പ്രവർത്തകരോടൊപ്പം ജാഥയായി കോൺഗ്രസ്സ് ഓഫീസിലെത്തുകയും ചെയ്തു. എത്ര ശോഭനമായ നാടകം.

പടവലങ്ങ പോലുള്ള വളർച്ച എന്ന് പറയാറുണ്ടെങ്കിലും അത് യഥാർത്ഥത്തിൽ കാണുന്നത് ഡി.ഐ.സിയുടെ കാര്യത്തിലാണ്. കോൺഗ്രസ്സിലെ പകുതിയിലധികം എം.എൽ.എമാരുടെ പിൻതുണയുണ്ടായിരുന്ന കരുണാകരൻ ഡി.ഐ.സി ഉണ്ടാക്കിയപ്പോൾ കൂടെ വരാൻ തയ്യാറായത് നാലിൽ ഒന്ന് എം.എൽ.എമാർ മാത്രം. ഇപ്പോൾ അവരിൽ ബഹുഭൂരിപക്ഷവും വിട്ടുപോയിരിക്കുന്നു. നേതാക്കളേ പോയുള്ളൂ, പ്രവർത്തകർ പോയിട്ടില്ല എന്ന് ഇനി മേനി പറഞ്ഞ് നടക്കാമെന്നു മാത്രം.

വിദേശ പര്യടനം കഴിഞ്ഞ് മടങ്ങിയെത്തി എന്നൊക്കെ പറയുന്നതുപോലെ ജേക്കബ്ബ് ഡി.ഐ.സി പര്യടനം കഴിഞ്ഞ് യു.ഡി.എഫിൽ മടങ്ങി എത്തിയിരിക്കുന്നു. യാത്രാക്ഷീണം കൊണ്ട് മെലിഞ്ഞുപോകുന്നതുപോലെ തിരികെ വന്നിരിക്കുന്ന ജേക്കബ്ബ് ഗ്രൂപ്പിന് കാര്യമായ മെലിച്ചിൽ സംഭവിച്ചിട്ടുണ്ട്. എങ്കിലും ഒന്നും സംഭവിച്ചിട്ടില്ല എന്നു ഭാവിച്ച് മുന്നോട്ടു പോകുകയാണ്. ജേക്കബ്ബിന്റെ യു.ഡി.എഫ് പ്രവേശനം കുഴപ്പത്തിലാകാൻ സാദ്ധ്യതയില്ല. യു.ഡി.എഫിന്റെ സ്ഥിതി ആരേയും സ്വീകരിച്ചു പോകുന്നത്ര ദയനീയമാണ്.

മാറാട് കമ്മീഷൻ റിപ്പോർട്ട് പലരേയും വെട്ടിലാക്കിയിരിക്കയാണ്. ഫൈനാൻസ് മിനിസ്റ്റർ എന്ന ഓമനപ്പേരിൽ ഒരാൾ രംഗപ്രവേശം ചെയ്തിരിക്കുന്നു എന്നതാണ് രസകരമായ ഒരു വസ്തുത. ഇദ്ദേഹമാണ് മാറാട് കലാപത്തിന് പണം കൊടുത്ത് സഹായിച്ചത് എന്നാണ് കമ്മീഷൻ പറയുന്നത്. ഏതായാലും ആരോപണവിധേയനായ വ്യക്തി തന്റെ നിരപരാധിത്വം തെളിയിക്കാൻ നിയമനടപടി സ്വീകരിച്ചിരിച്ചുകഴിഞ്ഞു.

കമ്മീഷൻ റിപ്പോർട്ടിലുള്ള രാഷ്ട്രീയ പാർട്ടികളുടെ സ്ഥിതി അത്ര നല്ലതല്ല. മറുപടി പറയാൻ ആവാതെ അവർ കുഴയുകയാണ്. ആരുടെയൊക്കയോ അനാസ്ഥ മാറാട് സംഭവത്തിന് വഴിവെച്ചു എന്നു തീർച്ച.

കോളക്കേസ്സിലെ വിധി ചോർന്നെന്നും ഇല്ലെന്നും വാദമുണ്ട്. വിധി വന്ന് ഏതാനും നിമിഷങ്ങൾക്കകം കോളക്കാരുടെ പത്രക്കുറിപ്പ് പുറത്തിറങ്ങിയതാണ് സംശയത്തിന് ഇട നൽകിയിരിക്കുന്നത്. വിധി അനുകൂലമായാൽ പുറത്തിറക്കാം എന്നു കരുതി മുൻകൂട്ടി പത്രക്കുറിപ്പ് തയ്യാറാക്കി വെച്ചതാകില്ലേ? ഹൈക്കോടതി വിധി ചോരുക എന്നത് അത്ര എളുപ്പമാണോ?

പെന്തക്കോസ്ത് നേതാക്കൻമാർ ഏതു നിയമത്തിനും അതീതരാണ്. വിശ്വാസിക്കോ പാസ്റ്റർക്കോ എതിരെ നേതാവ് കേസ്സ് കൊടുത്താൽ പുണ്യം. വിശ്വാസിയോ പാസ്റ്ററോ നേതാവിനെതിരെ കേസ്സ് കൊടുത്താൽ ചാവുദോഷം. നേതാവ് വ്യഭിചരിച്ചാൽ അത് പാപമല്ല. വിശ്വാസി ഉറക്കെ ഒന്നു തുമ്മിപ്പോയാൽ മഹാപാപമായി. നേതാവിന്റെ ശിങ്കിടിയായ പാസ്റ്റർ എന്തു തോന്ന്യാസം കാണിച്ചാലും കുഴപ്പമില്ല. പക്ഷേ സാധാരണ പാസ്റ്റർ ചെയ്യുന്നതെല്ലാം കുറ്റം. സത്യം സത്യമായി പറഞ്ഞാൽ പെന്തക്കോസ്ത് ഒരു വെള്ളരിക്കാപ്പട്ടണമാണ്.

മഴക്കാലം ഏതാണ്ട് അവസാനിച്ച മട്ടാണ്. കൺവെൻഷൻ സീസൺ വരുന്നു. സുരേഷ് ബാബു, സാമച്ചൻ, കെ.സി. ജോൺ, കെ.എ.ഏബ്രഹാം തുടങ്ങിയ സ്ഥിരം പ്രസംഗകർക്ക് ഇനി വീട്ടിലിരിക്കാൻ നേരം കിട്ടില്ല. രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ഓട്ടമായിരിക്കും. പ്രധാന പ്രസംഗകരെല്ലാം പുതിയ പ്രസംഗങ്ങൾ ഉണ്ടാക്കാനുള്ള തിരക്കിലാണ്. യേശുക്രിസ്തു, കുരിശ്, രക്ഷ, വീണ്ടുംജനനം, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ വിഷയങ്ങൾ ഒഴിവാക്കിയാണ് പ്രസംഗം തയ്യാറാക്കുന്നത്. ഇതൊക്കെ കേൾക്കാൻ ആളില്ല. എല്ലാവർക്കും വേണ്ടത് അനുഗ്രഹത്തിന്റെ സുവിശേഷമാണ്. "നീ കുറഞ്ഞ പുള്ളിയല്ല, ഇതാ അനുഗ്രഹവുമായി ദൈവം വരുന്നു" എന്നു പറയാൻ കഴിഞ്ഞാൽ പ്രസംഗകന്റെ കാര്യം കുശാൽ.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക
പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി.,
എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.
പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ജോസഫ് പ്രശ്നവും കുര്യാക്കോസിന്റെ പ്രവചനവും

മുൻമന്ത്രി പി.ജെ.ജോസഫ് ലൈംഗീകാപവാദ കേസ്സിൽ കുരുങ്ങുമെന്ന് കട്ടപ്പനക്കാരനായ ഒരു കുര്യാക്കോസ് പാസ്റ്റർ പ്രവചിച്ചിരുന്നു എന്ന കഥ ഈയിടെയായി പ്രചാരത്തിലുണ്ട്. ഇതേപ്പറ്റി ഹാലേലൂയ്യാ ദൈവാരിക വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തു. അതുകൊണ്ട് ഈ വിവാദ വിഷയത്തേക്കുറിച്ച് വിശദീകരിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

ഈ സംഭവത്തേപ്പറ്റി കുര്യാക്കോസ് പാസ്റ്റർ പറഞ്ഞത് ഹാലേലൂയ്യാ റിപ്പോർട്ട് ചെയ്യുന്നു:

''ഏപ്രിൽ 20ന് ഇലക്ഷൻ പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിൽ പി.ജെ.ജോസഫിന്റെ വീട്ടിലെത്തി പ്രാർത്ഥിച്ചപ്പോൾ എനിക്കു കിട്ടിയ ദൈവാലോചന ഞാൻ തുറന്നു പറഞ്ഞു. വേദപുസ്തകത്തിൽ രണ്ട് ജോസേഫുമാരുണ്ട്. ഒന്ന് പഴയനിയമത്തിലും അടുത്തത് പുതിയ നിയമത്തിലും. പഴയനിയമത്തിലെ ജോസേഫിന് സംഭവിച്ചതുപോലെ താങ്കൾക്കും സ്ത്രീമൂലം കാരാഗൃഹത്തിൽ അകപ്പെടുന്നതുപോലെയുള്ള അനുഭവവും അധികാര നഷ്ടവും ഉണ്ടാകുമെന്ന് ഞാൻ പറഞ്ഞു. വീണ്ടും സത്യപ്രതിജ്ഞയ്ക്ക് തൊട്ടുമുൻപ് പി.ജെ.ജോസഫ് പ്രാർത്ഥനയ്ക്കുവേണ്ടി എന്നെ വിളിച്ചപ്പോഴും ഇതുതന്നെ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. മാത്രമല്ല, അദ്ദേഹം ഈ വിഷയത്തിൽ അന്വേഷണത്തിനു ശേഷം ആരോപണങ്ങൾ തെറ്റാണെന്നു തെളിഞ്ഞ് തിരികെ അധികാരത്തിൽ എത്തുമെന്നും ഞാൻ ദൈവാലോചന അറിയിച്ചിട്ടുണ്ട്. പ്രവചനങ്ങൾ അതുപോലെ സംഭവിക്കും''.

മന്ത്രി മാത്യു ടി. തോമസ് ഉൾപ്പെടെ ഏഴു സ്ഥാനാർത്ഥികൾക്കുവേണ്ടി തെരഞ്ഞെടുപ്പ് സമയത്ത് പ്രാർത്ഥിച്ച് ആലോചന അറിയിച്ചു എന്നും കുര്യാക്കോസ് പാസ്റ്റർ പറയുന്നുണ്ട്. പക്ഷേ അവരോട് എന്ത് ആലോചനയാണ് പറഞ്ഞതെന്ന് വ്യക്തമാക്കിയിട്ടില്ല.

പഴയനിയമത്തിലെ ജോസഫിന്റെ അനുഭവവും പി.ജെ.ജോസഫിന്റെ അനുഭവവും തമ്മിൽ ബന്ധമൊന്നുമില്ല എന്ന് വ്യക്തം. ഈ സംഭവം പരസ്യമായാണ് നടന്നത്. എന്താണ് നടന്നതെന്ന് വിമാനത്തിൽ ഉണ്ടായിരുന്ന എല്ലാവരും കണ്ടു. സ്ത്രീ ജോസഫിനെ കയറി പിടിക്കുകയല്ല ഇവിടെ ചെയ്തത്. സ്ത്രീ ഇരുന്ന സീറ്റിന്റെ പിന്നിൽ ജോസഫ് ചെന്നിരുന്ന് സ്ത്രീയെ പിടിക്കുകയായിരുന്നു. താൻ നിരപരാധിയാണെന്നും ഇതെല്ലാം ദൈവത്തിന്റെ പരീക്ഷയാണെന്നും വരുത്തിത്തീർക്കാൻ പി.ജെ. ജോസഫ് കുര്യാക്കോസ് പാസ്റ്ററുടെ പ്രവചനം മറയാക്കി എന്നു മാത്രം. പി.ജെ.ജോസഫ് അധികാരത്തിൽ തിരിച്ചെത്തിയേക്കാം. അതിനുള്ള കഴിവ് രാഷ്ട്രീയക്കാർക്കുണ്ട്.

രക്ഷിക്കപ്പെടാത്ത വ്യക്തിയോട് രക്ഷിക്കപ്പെടാൻ ദൈവാത്മാവ് പറയും. അതല്ലാതെ ഒന്നും ദൈവാത്മാവിന് പറയാനുമില്ല. കൊർന്നല്യോസിനോടും ഷണ്ഡനോടും ഒക്കെ ദൈവദാസൻമാർ രക്ഷയുടെ ദൂത് അറിയിക്കുക മാത്രമാണ് ചെയ്തത്. രക്ഷിക്കപ്പെട്ടവരോട് പ്രവചിക്കാനാണ് പുതിയനിയമ പ്രവാചകൻമാരെ ദൈവം ആക്കിയിരിക്കുന്നത്. അവർ സഭയുടെ ആത്മീക വർദ്ധനവിനായി പ്രവചിക്കുന്നു. വീണ്ടും ജനനം പ്രാപിക്കാത്തവർ ദൈവത്തിന്റെ അക്കൗണ്ടിൽ മരിച്ചവരാണ്. ചത്തു കിടക്കുന്നവനോട് ഭാവി പറയുന്നതെന്തിന്?

നേതാക്കൻമാരോടും മറ്റും ചങ്ങാത്തം കൂടുകയും അവരോട് പ്രവചിക്കുകയും മറ്റും ചെയ്യുന്ന കുര്യാക്കോസ്, സാമച്ചൻ തുടങ്ങിയവരെ സൂക്ഷിക്കുക. ഇവരുടെ പ്രവചനം ദൈവ വചനാനുസൃതമുള്ളതല്ല. ഇവരുടെ പ്രവചനം നിറവേറിയാലും ഇല്ലെങ്കിലും അവ ദൈവീകമല്ല. ദുരാത്മാവിലാണ് ഇവർ പ്രവചിക്കുന്നത്. അതുകൊണ്ട് ദൈവമക്കൾ സൂക്ഷിക്കുക. ചതിയിൽ അകപ്പെടരുത്.




# അത്ഭുതം നടന്നെങ്കിൽ വിവരം അറിയിക്കണം



സെപ്റ്റംബർ അവസാന ആഴ്ചയിൽ സാമച്ചന്റെ നേതൃത്വത്തിൽ നാലു ദിവസം അത്ഭുതങ്ങൾ നടക്കുമെന്ന് മിക്ക പെന്തക്കോസ്ത് പത്രങ്ങളിലും പരസ്യം കണ്ടു. അത്ഭുതം നടക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ഡിഫെൻഡർ എല്ലാവിധ പിൻതുണയും അറിയിക്കുന്നു. ഒരു കണ്ടീഷൻ മാത്രം: നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്നു പറഞ്ഞ് ജനവഞ്ചന നടത്തരുത്.

കേരളത്തിലെ പെന്തക്കോസ്ത് പാസ്റ്റർമാരിൽ നിന്ന് ഏറ്റവും വലിയ പത്തു കള്ളൻമാരെ തെരഞ്ഞെടുത്താൽ അതിൽ ഒരാളായിരിക്കും സാമച്ചൻ. വ്യഭിചാരം, കള്ളപ്രവചനം, തട്ടിപ്പ് തുടങ്ങി സകലവിധ ദുർഗ്ഗുണങ്ങളുമുള്ള പരമ നീചൻ. പക്ഷേ ആരേയും മയക്കാൻ ഇയാൾക്കറിയാം. അതുകൊണ്ട് അന്തർദ്ദേശീയ പ്രസംഗകനായി വിലസുകയാണ്.

ലോക നേതാക്കൻമാരോടും രാഷ്ട്രത്തലവൻമാരോടും ഒക്കെ ദൈവാലോചന അറിയിക്കുന്ന ഉശിരൻ പ്രവാചകനാണ് സാമച്ചൻ. പക്ഷേ ഒരു കുഴപ്പം: വിശ്വസിച്ച് വീട്ടിൽ കയറ്റാൻ പറ്റില്ല. തരം കിട്ടിയാൽ വ്യഭിചരിക്കും. ഏതാനും വർഷം മുൻപ് കുവൈറ്റിലെത്തിയ സാമച്ചനെ വിശ്വസിച്ച് വീട്ടിൽ കയറ്റിയ അച്ചായൻമാരെല്ലാം അതിന്റെ ഫലം അറിഞ്ഞു. ഇതുതന്നെ ഇപ്പോഴും സാമച്ചന്റെ പരിപാടി. എങ്കിലും പ്രവചനം, ദർശനം, രോഗശാന്തി എന്നൊക്കെ കേൾക്കുമ്പോൾ ഇളകുന്ന വിഡ്ഢികൾ സാമച്ചനെ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുന്നു.

ഈ ലക്കം വായനക്കാരുടെ കൈയ്യിൽ എത്തുന്നതിനു മുൻപായി പുനലൂരിലെ അത്ഭുതങ്ങൾ നടന്നു കഴിഞ്ഞിരിക്കും. അതുകൊണ്ട് പുനലൂരിലും പരിസരത്തുമുള്ള വായനക്കാർ ഒരു സഹായം ചെയ്യണം: സാമച്ചന്റെ യോഗത്തിൽ നടന്ന അത്ഭുതങ്ങളേക്കുറിച്ച് വിശദമായ റിപ്പോർട്ട് ഡിഫെൻഡർ ഓഫീസിലേക്ക് അയച്ചുതരുക.

# ഊമക്കത്തുവീരൻ വീണ്ടും ഉഷാർ

ജാത്യാലുള്ളത് തൂത്താൽ മാറില്ല എന്നാണല്ലോ പഴഞ്ചൊല്ല്. പൂനയിലെ ഊമക്കത്തുവീരന്റെ കാര്യവും ഇങ്ങനെതന്നെ. ഈ ചങ്ങാതിക്ക് ഊമക്കത്ത് അയയ്ക്കാതിരിക്കാൻ പറ്റില്ല. ഇയാൾ അയച്ച ഒരു ഒരു ഊമക്കത്ത് രണ്ടാഴ്ച മുൻപ് ഡിഫെൻഡർ ഓഫീസിലും എത്തി. ഭൂലോകത്തുള്ള സകല ഊമക്കത്തുകളിലും ഒരേ കാര്യമാണ് ഉണ്ടാകുക: ''നീ സൂക്ഷിച്ചോ. തട്ടിക്കളയും''. ഈ കത്തിലും ഇതുതന്നെ എഴുതിയിരിക്കുന്നു.

മേഴ്സി ബാബു എന്ന പേരിൽ അറിയപ്പെടുന്ന നപുംസകത്തിന്റെ അളിയനാണ് ഈ ഊമക്കത്തുവീരൻ. പൂനയിലുള്ള ഒട്ടേറെ മലയാളികൾക്ക് ഇയാൾ ഊമക്കത്ത് അയച്ചിട്ടുണ്ട്. ഇതേപ്പറ്റി മുൻപ് ഡിഫെൻഡറിൽ വാർത്തയും വന്നിരുന്നു. കൂടാതെ മേഴ്സിബാബുവിനേക്കുറിച്ചും ഡിഫെൻഡർ എഴുതിയിരുന്നു. ഇതിന്റെയെല്ലാം പ്രതികാരം എന്ന നിലയിലാണ് ഇയാൾ ഡിഫെൻഡറിന് ഊമക്കത്തയച്ചത്. കത്തു വായിക്കുമ്പോൾ ടി.എസ്.ബാലൻ ഭയന്നു വിറയ്ക്കുമെന്നും മേഴ്സി ബാബുവിനോടും മറ്റും ക്ഷമ പറഞ്ഞ് പ്രശ്നം തീർക്കുമെന്നും മറ്റും ഇയാൾ സ്വപ്നം കാണുന്നുണ്ടാകാം.

# പുതുപ്പള്ളിയച്ചനെ ഒഴിവാക്കണം



കൺവെൻഷൻ സീസൺ ആരംഭിക്കുകയാണ്. ജനത്തെ ഇളക്കാൻ കഴിവുള്ള പ്രസംഗകരെ തേടി സംഘാടകർ പരക്കംപായാൻ തുടങ്ങിക്കഴിഞ്ഞു. ഓർത്തഡോക്സ് പുരോഹിതനായിരുന്നശേഷം പെന്തക്കോസ്തിൽ ചേർന്ന വ്യക്തി എന്ന നിലയിൽ ജോർജ് മാത്യു പുതുപ്പള്ളിക്ക് കൺവെൻഷൻ സ്റ്റേജുകളിൽ നല്ല ഡിമാന്റാണ്. അതുകൊണ്ട് പറയട്ടെ, ഈ തട്ടിപ്പുകാരനെ ഇത്തവണ വിളിക്കുന്നത് രണ്ടുവട്ടം ആലോചിച്ചിട്ട് മതി.

പുരോഹിതനായശേഷം പെണ്ണുകെട്ടി പൗരോഹിത്യത്തിൽ നിന്നും പുറത്തായശേഷം വയറ്റിൽ പിഴപ്പിന് പെന്തക്കോസ്തിൽ ചേർന്ന വ്യക്തിയാണ് പുതുപ്പള്ളിയച്ചൻ. ഇയാൾ പറയുന്നത് കള്ളസാക്ഷ്യമാണ്. അതുകൊണ്ട് ഈ കള്ളൻ സുവിശേഷവുമായി കൺവെൻഷൻ സ്റ്റേജുകളിൽ വിലസാൻ പാടില്ല.

ഡിഫെൻഡർ എന്തുതന്നെ പറഞ്ഞാലും പുതുപ്പള്ളിയച്ചനെ വിളിച്ച് കൺവെൻഷന് പ്രസംഗിപ്പിക്കാൻ ആളുണ്ടാകും എന്നു തീർച്ച. അങ്ങനെ ചെയ്യുന്നവർ ശ്രദ്ധിക്കുക: നിങ്ങൾ പുലിവാല് പിടിക്കുകയാണ്. പുതുപ്പള്ളിയച്ചൻ പ്രസംഗിക്കുന്ന സ്ഥലങ്ങളിൽ പുതുപ്പള്ളിയച്ചൻ എത്തുന്നതിനു മുമ്പേ അച്ചന്റെ യഥാർത്ഥ കഥയുമായി ഡിഫെൻഡർ എത്തും.


# ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ഇത് കടുത്ത നീതിനിഷേധം

പെന്തക്കോസ്ത് സഭകളിൽ നീതിയും ന്യായവും മറ്റും ഇല്ലെന്ന് പെരുമ്പെട്ടിയിലെ സംഭവങ്ങൾ ഒരിക്കൽക്കൂടി തെളിയിക്കുന്നു. നേതാക്കൻമാർക്ക് എന്തു തോന്ന്യാസവും കാണിക്കാം. ആരും ചോദ്യം ചെയ്യുകയില്ല. ചോദ്യം ചെയ്താൽ സഭയിൽ നിന്നും പുറത്താക്കും.

പെരുമ്പെട്ടി വിഷയത്തേക്കുറിച്ച് പറയുമ്പോൾ പലരും ഡിഫെൻഡറിന്റെ ഉദ്ദേശ്യശുദ്ധിയേക്കുറിച്ച് ചോദിച്ചേക്കാം. പെരുമ്പെട്ടി ഫിലാഡെൽഫിയ ഐ.പി.സിയിലെ പാസ്റ്ററുമായി ഡിഫെൻഡറിന് എന്തോ ചങ്ങാത്തമുണ്ടെന്നും അതുകൊണ്ടാണ് ഇങ്ങനെ എഴുതുന്നതെന്നും തോന്നാം. അതുകൊണ്ട് പറയട്ടെ: തെറ്റിദ്ധരിക്കരുത് – പെരുമ്പെട്ടി സഭയുടെ പാസ്റ്ററായ ഏബ്രഹാം ഷാജി കഴിഞ്ഞ കാലങ്ങളിൽ കെ.പി.കുര്യനുമായി ചേർന്ന് ടി.എസ്.ബാലനേയും ഡിഫെൻഡറിനേയും പരമാവധി ദ്രോഹിച്ചിട്ടുണ്ട്. ടി.എസ്.ഏബ്രഹാം വിശുദ്ധനാണെന്നും ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്നും തെറ്റിദ്ധരിച്ചാണ് ഇവർ ഇങ്ങനെ ചെയ്തത്. സത്യം മനസ്സിലാക്കിയപ്പോൾ ഇവർ ടി.എസ്.ഏബ്രഹാമിനോട് അകന്നു. ഇവർ രണ്ടുപേരേയും ടി.എസ്.ഏബ്രഹാം ഐ.പി.സിയിൽ നിന്ന് പുറത്താക്കാനുള്ള യഥാർത്ഥ കാരണം ഇതാണ്. ഡിഫെൻഡറിനെതിരെ എന്നെന്നും നിലകൊള്ളുകയും ഇന്റർനെറ്റ് കേസ്സ് ഉൾപ്പെടെ എല്ലാ ഗുലുമാലുകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്ത കെ.പി.കുര്യൻ, ഏബ്രഹാം ഷാജി തുടങ്ങിയവരോട് ഡിഫെൻഡറിന് ഒരു മമതയുമില്ല. പക്ഷേ ടി.എസ്.ഏബ്രഹാം ഇവരോട് ചെയ്തിരിക്കുന്നത് കടുത്ത അനീതിയാണ്. ഇതിനെതിരെ പ്രതികരിക്കാതിരിക്കാൻ ഡിഫെൻഡറിനാവില്ല.

കഴിഞ്ഞ വർഷം കെ.പി.കുര്യനെ ടി.എസ്.ഏബ്രഹാം പുറത്താക്കി. എന്തിന്? വ്യക്തമായ ഉത്തരമില്ല. പുറത്താക്കാൻ തക്ക തെറ്റ് കെ.പി.കുര്യൻ ചെയ്തോ ഇല്ലയോ എന്ന് ഡിഫെൻഡറിനറിഞ്ഞുകൂടാ. എങ്കിലും തെറ്റു ചെയ്തു എന്നിരിക്കട്ടെ. ഒരു ശുശ്രൂഷകനെതിരെ നടപടി എടുക്കേണ്ടത് ഇങ്ങനെയാണോ? നിയമാനുസൃതം കുറ്റപത്രം കൊടുക്കുക, വിചാരണ ചെയ്യുക, നടപടി എടുക്കുക എന്നിങ്ങനെ പലതും ചെയ്യാനുണ്ട്. അതൊക്കെ ചെയ്തെന്ന് വരുത്തിത്തീർത്ത് കുര്യനെ പുറത്താക്കുകയായിരുന്നു. അതുകൊണ്ട് കുര്യൻ പുറത്തായില്ലെന്നു മാത്രമല്ല ഉടനെയൊന്നും പുറത്താകുന്ന ലക്ഷണവുമില്ല. ഏബ്രഹാം ഷാജിയുടെ കാര്യത്തിലും ഇതുതന്നെയാണ് ടി.എസ്.ഏബ്രഹാം ചെയ്തത്.

ഐ.പി.സിയുടെ തെരഞ്ഞെടുപ്പിലെ അപാകതകൾ ചൂണ്ടിക്കാട്ടി കേസ്സ് കൊടുത്തു എന്ന മഹാപരാധമാണ് ഏബ്രഹാം ഷാജി ചെയ്തത്. സഭയിൽ നിന്നും പുറത്താക്കാൻ തക്ക തെറ്റല്ല ഇത്. പക്ഷേ കുറ്റപത്രം നൽകുകയോ വിചാരണ നടത്തുകയോ കൗൺസിലിനോട് ആലോചിക്കുകയോ ചെയ്യാതെ ടി.എസ്.ഏബ്രഹാം നടപടി എടുത്തു. ഇത് കടുത്ത നീതിനിഷേധമാണെന്ന് പറയാതെവയ്യ.

ടി.എസ്.ഏബ്രഹാം കാണിച്ച ഈ തോന്ന്യാസത്തിന്റെ ഫലം അനുഭവിക്കുന്നത് പെരുമ്പെട്ടിയിലെ സാധാരണക്കാരായ വിശ്വാസികളാണ്. ഏബ്രഹാം ഷാജിയെ ടി.എസ്.ഏബ്രഹാം പുറത്താക്കിയെന്നും അതുകൊണ്ട് ഏബ്രഹാം ഷാജിയെ സഭയിൽ നിന്നും പുറത്താക്കി തരണമെന്നും ആവശ്യപ്പെട്ട് സഭയിലെ ഏതാനും വിശ്വാസികൾ തിരുവല്ല ഡി.വൈ.എസ്.പിക്ക് ടി.എസ്.ഏബ്രഹാമിന്റെ നിർദ്ദേശപ്രകാരം പരാതി നൽകി. പക്ഷേ ഈ പോലീസ് ഉദ്യോഗസ്ഥൻ അഴിമതിക്കാരനല്ലാത്തതുകൊണ്ട് ടി.എസ്.ഏബ്രഹാമിന്റെ ഉദ്ദേശ്യം നടന്നില്ല. ടി.എസ്.ഏബ്രഹാമിന്റെ ഉത്തരവ് നടപ്പിലാക്കാനുള്ള ബാദ്ധ്യത പോലീസിനില്ലെന്നും ക്രമസമാധാനം തകരാതിരിക്കാൻ ഒക്ടോബർ ഒന്നിന് ആരും സഭാഹാളിൽ ആരാധിക്കരുതെന്നും ഡി.വൈ.എസ്.പി നിർദ്ദേശിച്ചു. അങ്ങനെ കഴിഞ്ഞ ഞായറാഴ്ച സഭാഹാൾ അടഞ്ഞുകിടന്നു. ടി.എസ്.പക്ഷം നാലു കിലോമീറ്റർ അകലെയുള്ള ഒരു വീട്ടിൽ ആരാധന നടത്തി. ഇനി എന്തു നടക്കുമെന്ന് കണ്ടുതന്നെ അറിയണം.

# ഇതെന്തു മിനിസ്ട്രിയാണപ്പാ?

അധികാരക്കൊതി മൂത്താൽ മനുഷ്യന് വട്ടുപിടിക്കുമോ? ടി.എസ്.ഏബ്രഹാമിന്റെ നടപടികൾ ഭ്രാന്തിന്റെ ലക്ഷണങ്ങളാണ് കാണിക്കുന്നത്. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് എന്ന പദവി ഇല്ലാതായതോടെ എന്തെങ്കിലും ഒരു ജനറൽ ആയില്ലെങ്കിൽ പറ്റില്ല എന്നു തോന്നി. (ജനറൽ വ്യഭിചാരി എന്ന സ്ഥാനമല്ലാതെ ഒന്നും കൊടുക്കാനുമില്ല). എങ്കിലും ഒരു ജനറൽ പദവി ഉണ്ടാക്കിയെടുത്തു: ''ജനറൽ മിനിസ്റ്റർ''. ഐ.പി.സിയുടെ ഭരണഘടനയിൽ എങ്ങും ഇങ്ങനെയൊരു പദവിയില്ല. പക്ഷേ ടി.എസ്.ഏബ്രഹാമിന്റെ പ്രീതി നേടിയെടുക്കാനുള്ള തത്രപ്പാടിനിടയിൽ കെ.സി.ജോൺ അതിന് സമ്മതിച്ചു. സഭയുടെ ചുമതലയില്ലാത്ത എല്ലാ ഐ.പി.സി ശുശ്രൂഷകൻമാരും ജനറൽ മിനിസ്റ്റർമാർ ആണെങ്കിലും ടി.എസ്.ഏബ്രഹാമായിരിക്കും സഭയുടെ ഏകനും പ്രത്യക്ഷനുമായ ഔദ്യോഗിക ജനറൽ മിനിസ്റ്റർ എന്ന് സർവ്വശക്തനായ കെ.സി.ജോൺ പ്രഖ്യാപിച്ചു. (ഈ സംഭവത്തേക്കുറിച്ച് ഹാലേലൂയ്യായിൽ വന്ന വാർത്ത താഴെ കൊടുക്കുന്നു).



## ടി.എസ്.ഏബ്രഹാം ഇനി ജനറൽ മിനിസ്റ്റർ

**കുമ്പനാട്:** ഐ.പി.സി.മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ടി.എസ്. ഏബ്രഹാമിന് ജനറൽ മിനിസ്റ്റർ എന്ന സ്ഥാനപ്പേര് നൽകി. സ്റ്റേറ്റ് ജനറൽ കൗൺസിലുകളുടെ സംയുക്ത സമ്മേളനത്തിൽ പാസ്റ്റർ കെ.സി.ജോൺ അറിയിച്ചതാണീ വിവരം. സാധാരണ പ്രവാചക ശുശ്രൂഷ ചെയ്യുന്നവരും സഭാചാർജ്ജ് ഇല്ലാത്ത പാസ്റ്റേഴ്സും ജനറൽ മിനിസ്റ്റേഴ്സ് എന്നാണ് അറിയപ്പെടുന്നത്. എന്നാൽ പാസ്റ്റർ ടി.എസ്.ഏബ്രഹാം മാത്രമായിരിക്കും ഒഫീഷ്യലായുള്ള ജനറൽ മിനിസ്റ്റർ എന്നും കെ.സി.ജോൺ പ്രഖ്യാപിച്ചു.

മുമ്പ് ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് വിരമിച്ച പാസ്റ്റർ വി.ടി. ജോസഫിനെയും പാസ്റ്റർ എം.വി.ചാക്കോ മുണ്ടിയപ്പള്ളിയേയും സഭയുടെ രക്ഷാധികാരികൾ എന്ന പദവി നൽകിയാണ് ആദരിച്ചിരുന്നത്. ടി.എസ്.ഏബ്രഹാമിന് ഐ.പി.സി. ചീഫ് പാസ്റ്റർ, ഐ.പി.സി.ജനറൽ മിനിസ്റ്റർ എന്നീ പദവികളിൽ ഏതെങ്കിലും തിരഞ്ഞെടുക്കുവാനുള്ള സാഹചര്യമാണുണ്ടായത്. ചീഫ് പാസ്റ്റർ എന്നത് ടി.പി.എം.കാർ ഉപയോഗിക്കുന്ന പദമായതിനാൽ വേണ്ടാന്നു വെച്ച് ജനറൽ മിനിസ്റ്റർ എന്ന സ്ഥാനപ്പേര് അദ്ദേഹം സ്വയം തിരഞ്ഞെടുക്കുകയായിരുന്നു.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ചില പെന്തക്കോസ്ത് സഭകൾ സ്നാനമേൽക്കാത്തവർക്ക് തിരുവത്താഴത്തിൽ പങ്കെടുക്കാൻ അനുവാദം നൽകുന്നതായി ശ്രദ്ധയിൽ പെട്ടു. തിരുവത്താഴത്തിൽ പങ്കെടുക്കുന്നവർ സ്നാനപ്പെട്ടവരായിരിക്കണം എന്ന് ദൈവവചനത്തിൽ ഇല്ല എന്നാണ് ഇവർ പറയുന്നത്. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത്?

■ സ്നാനമേറ്റവർ മാത്രമേ തിരുവത്താഴത്തിൽ പങ്കെടുക്കാൻ പാടുള്ളൂ എന്ന് ദൈവവചനത്തിൽ പറയുന്നില്ല എന്നത് ശരിയാണ്. രക്ഷിക്കപ്പെട്ടവർ മാത്രമേ പങ്കെടുക്കാവൂ എന്നും ദൈവ വചനത്തിൽ ഇല്ല. അതുകൊണ്ട് ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും നിരീശ്വര വാദികൾക്കും ഒക്കെ ഇവർ തിരുവത്താഴം കൊടുക്കുമോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

രക്ഷിക്കപ്പെട്ടവർക്ക് തിരുവത്താഴത്തിൽ പങ്കെടുക്കാം, സ്നാനപ്പെട്ടിരിക്കണമെന്ന് നിർബ്ബന്ധമില്ല എന്നാണ് ഇക്കൂട്ടർ പറയുന്നത്. ബൈബിളിലെ ഏതു വാക്യത്തിലാണ് ഇത്തരം ഒരു സിദ്ധാന്തം ഉള്ളതെന്ന് അറിഞ്ഞുകൂടാ. ദൈവവചനം പഠിക്കാത്ത ഇക്കൂട്ടർ സാധുക്കളെ വഴിതെറ്റിക്കയാണ്.

രക്ഷിക്കപ്പെട്ടതും സ്നാനമേറ്റിട്ടില്ലാത്തതുമായ അത്ഭുതജീവി ഈ ഭൂമിയിലെങ്ങുമില്ല. കാരണം, രക്ഷയും സ്നാനവും തമ്മിൽ വലിയ അകലം ഇല്ല എന്നതുതന്നെ. ഷണ്ഡൻ രക്ഷിക്കപ്പെട്ട ഉടൻ സ്നാനമേറ്റു. എത്യോപ്യയിൽ ചെന്നിട്ട് സ്നാനപ്പെടാം എന്ന് കരുതിയില്ല. വെള്ളമുള്ള ഒരു സ്ഥലത്ത് എത്തുന്നതുവരെ മാത്രമേ സ്നാനം നീട്ടിവെച്ചുള്ളു. രാത്രിയിൽ രക്ഷിക്കപ്പെട്ടവർ നേരം വെളുത്തിട്ട് സ്നാനപ്പെടാം എന്ന് തീരുമാനിച്ചില്ല. പക്ഷേ ഇന്ന് അതല്ല സ്ഥിതി. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്ന ചിലർ സ്നാനത്തേക്കുറിച്ച് ചിന്തിച്ചിട്ടുകൂടിയില്ല. ഒരിക്കലും സ്നാനമേറ്റില്ലെന്നും വരാം. പെന്തക്കോസ്ത് നേതാക്കൻമാർക്ക് എതിർപ്പില്ല. ഇങ്ങനെയുള്ളവർക്ക് തിരുവത്താഴം കൊടുക്കാനും തയ്യാർ. സത്യം സത്യമായി പറഞ്ഞാൽ ഈ പെന്തക്കോസ്ത് നേതാക്കൻമാർ ദുരാത്മാവിന്റെ പിടിയിലാണ്. ഇവർ ദൈവത്തിന്റെ ദാസൻമാരല്ല സാക്ഷാൽ പിശാചിന്റെ ദാസൻമാരാണ്.

ദൈവസഭയിൽ രണ്ടു കർമ്മങ്ങൾ മാത്രമേയുള്ളൂ: സ്നാനം, തിരുവത്താഴം എന്നിവ. ഇവ രണ്ടും കർത്താവിന്റെ പരമയാഗവും ഉയിർപ്പും പ്രതികാത്മകമായി പുനരാവിഷ്ക്കരിക്കയാണ് ചെയ്യുന്നത്. ഈ വിഷയം അല്പംകൂടി വിശദീകരിക്കാം.

ആദ്യമായി റോമ.6: 3,4 വായിക്കുക. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളാകുവാനാണ് സ്നാനം എന്ന് പൗലോസ് വ്യക്തമായി പറയുന്നു. ക്രിസ്തു മരിച്ച് അടക്കപ്പെടുകയും ഉയിർക്കയും ചെയ്യുന്നത് സ്നാനത്തിൽ പുനരാവിഷ്ക്കരിക്കപ്പെടുന്നു. സംശയത്തിനോ തർക്കത്തിനോ ഇട നൽകാത്ത വിധത്തിൽ ഈ വിഷയം പൗലോസ് വ്യക്തമായി വിശദീകരിക്കുന്നു. സ്നാനപ്പെടുന്ന വ്യക്തി വെള്ളത്തിൽ മുങ്ങുന്നത് യേശുക്രിസ്തുവിന്റെ ശരീരം കല്ലറയിൽ വെച്ചതിന് സദൃശ്യമാണ്. വെള്ളത്തിൽ നിന്ന് പൊങ്ങി വരുന്നത് ഉയിർപ്പിന്റെ പ്രതീകമായി കണക്കാക്കാം. ഇതൊന്നും ഡിഫെൻഡറിന്റെ കണ്ടുപിടുത്തമല്ല, പൗലോസ് തന്നെ വിശദീകരിക്കുന്നതാണ്. ദൈവവചനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ദൈവവേല ചെയ്യുന്ന ദൈവദാസൻമാർ ഇതൊക്കെ ഇന്നും വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. പക്ഷേ പെന്തക്കോസ്തിന്റെ നേതൃസ്ഥാനത്തുള്ളവരിൽ ഭൂരിപക്ഷവും ഇതൊന്നും ഇപ്പോൾ വിശ്വസിക്കുന്നില്ല, പഠിപ്പിക്കുന്നുമില്ല. ഇത്തരം ഉപദേശങ്ങൾ പറയുന്നവരെ ഈ നേതാക്കൻമാർ രഹസ്യമായി പരിഹസിക്കയും ചെയ്യുന്നു.

ഇനി തിരുവത്താഴത്തിന്റെ കാര്യം. തിരുവത്താഴവും ക്രിസ്തുവിന്റെ ക്രൂശ് മരണവും തമ്മിൽ ബന്ധമില്ല എന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. അപ്പം നുറുക്കപ്പെടുന്നത് ക്രിസ്തുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. വീഞ്ഞ് ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രതീകമാണ്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യേശുക്രിസ്തു തകർക്കപ്പെട്ടു. മനുഷ്യകുലത്തിന്റെ പാപമോചനത്തിനായി യേശു രക്തം ചിന്തി. നുറുക്കപ്പെട്ട അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുമ്പോൾ നാം ക്രിസ്തുവിന്റെ മരണത്തെ പുനരവതരിപ്പിക്കുകയാണ് ചെയ്യുന്നത്? ഇതും ഡിഫെൻഡറിന്റെ വ്യാഖ്യാനമല്ല ദൈവവചനം വ്യക്തമായി പറയുന്ന കാര്യമാണ്.

ആരാണ് സ്നാനമേൽക്കേണ്ടത്? പാപസംബന്ധമായി മരിച്ചവർ, യേശുക്രിസ്തുവിനോട് ചേരാൻ ആഗ്രഹമുള്ളവർ, അതായത് രക്ഷിക്കപ്പെട്ടവർ. അവർ ക്രിസ്തുവിന്റെ മരണവും ഉയിർപ്പും സ്നാനത്തിലൂടെ പുനരാവിഷ്ക്കരിക്കുന്നു.

ആരാണ് തിരുവത്താഴത്തിൽ പങ്കെടുക്കുന്നത്? യേശുക്രിസ്തുവിന്റെ പരമ യാഗത്തിൽ വിശ്വസിക്കുന്നവർ, അതായത് രക്ഷിക്കപ്പെട്ടവർ. എന്തിനാണ് തിരുവത്താഴം നടത്തുന്നത്? യേശുവിന്റെ മരണത്തെ ഓർക്കാൻ.

രക്ഷിക്കപ്പെട്ടതാണ്, പക്ഷേ സ്നാനപ്പെടാൻ തയ്യാറല്ല. എന്നാൽ തിരുവത്താഴം എടുക്കുകയും ചെയ്യും. ഇതിന്തു കഥ? പെന്തക്കോസ്ത് നേതാക്കൻമാർ ഇതിനൊക്കെ കൂട്ട് നിൽക്കുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ടവർ എന്നു പറയുന്നവർ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവരാണെങ്കിൽ അവർ എത്രയും വേഗം സ്നാനപ്പെടും. സ്നാനപ്പെടാൻ തയ്യാറല്ലാത്തവർ രക്ഷിക്കപ്പെട്ടവരേയല്ല.

സഭാംഗങ്ങളായ മാതാപിതാക്കളുടെ കുട്ടികളേക്കുറിച്ചാണ് ചിലരുടെ സംശയം. ആ കുട്ടികൾക്ക് തിരുവത്താഴം കൊടുത്തുന്നതിന് എന്താണ് തടസ്സം?

സ്നാനം, തിരുവത്താഴം എന്നിവ സ്വീകരിക്കുന്നവരുടെ മാതാപിതാക്കൾ രക്ഷിക്കപ്പെട്ടവരാണോ എന്ന് അന്വേഷിക്കേണ്ടതില്ല. ഇവ സ്വീകരിക്കുന്നവർ എന്തു വിശ്വസിക്കുന്നു എന്നതാണ് പ്രാധാന്യമുള്ള വിഷയം. രക്ഷിക്കപ്പെട്ട മാതാപിതാക്കളുടെ കുട്ടികൾ വീണ്ടും ജനനം പ്രാപിക്കുമ്പോഴാണ് രക്ഷിക്കപ്പെടുന്നത്. ജഡത്താൽ ജനിച്ചത് ജഡമാകുന്നു. വീണ്ടും ജനനം പ്രാപിക്കാതെ ആരും ദൈവരാജ്യം കാണുകയില്ല എന്ന് കർത്താവായ യേശുക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

രക്ഷിക്കപ്പെട്ട മാതാപിതാക്കളുടെ മക്കൾ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിച്ച് ഏറ്റു പറയുമ്പോൾ രക്ഷിക്കപ്പെട്ടവരാകുന്നു. ഇങ്ങനെ രക്ഷിക്കപ്പെടുന്ന കുട്ടികൾക്ക് ഉടൻ തിരുവത്താഴം കൊടുക്കുകയല്ല സ്നാനം കൊടുക്കുകയാണ് വേണ്ടത്. അതു കഴിഞ്ഞ് തിരുവത്താഴം കൊടുക്കാം.

കുട്ടികളെ സ്നാനപ്പെടുത്താനുള്ള കുറഞ്ഞ പ്രായം ഏതാണ്? ഉത്തരം ലളിതം: രക്ഷിക്കപ്പെടാനുള്ള കുറഞ്ഞ പ്രായം തന്നെ സ്നാനപ്പെടുത്താനുള്ള കുറഞ്ഞ പ്രായം. അതായത്, പ്രായം നോക്കിയല്ല വിശ്വാസം നോക്കിയാണ് സ്നാനം നൽകേണ്ടത്.

# കെ.എ.ഏബ്രഹാമിന് തെറ്റിയതെവിടെ?

ഇന്ത്യാക്കാരെ എച്ചിലിനോട് ഉപമിച്ച കെ.എ.ഏബ്രഹാമിന് തെറ്റിയതെവിടെ? അല്പം വിശദമായി പഠിക്കേണ്ട കാര്യമാണിത്.

ഏറെ തിരക്കുള്ള ഒരു പ്രസംഗകനാണ് കെ.എ.ഏബ്രഹാം. ഇംഗ്ലീഷ് ഡേറ്റ് കൊടുത്തു തീരുമ്പോൾ മലയാളം തീയതി കൊടുക്കുന്ന സ്ഥിതി. ജനപ്രിയ പ്രസംഗകൻ എന്നു വേണമെങ്കിൽ പറയാം. പറയുന്നത് ശുദ്ധ അസംബന്ധമാണെങ്കിലും പൊതുജനത്തിന് അത് ഏറെ രസിക്കുന്നു എന്നു വ്യക്തം. ജനങ്ങളുടെ ഇടയിൽ സ്വാധീനമുള്ള പ്രസംഗകന് സാധുക്കളെ വഴിതെറ്റിക്കാൻ എളുപ്പം കഴിയും. കെ.എ.ഏബ്രഹാം പറയുന്നത് ദൈവാലോചനയാണ് എന്ന് തെറ്റിദ്ധരിച്ച് അനേകർ അബദ്ധങ്ങളിൽ ചെന്ന് ചാടിയെന്നു വരാം. കെ.എ.ഏബ്രഹാമിന്റെ പ്രസംഗം കോപ്പിയടിച്ച് പ്രസംഗിക്കുന്ന ചെറുകിട പ്രസംഗകരുടെ വാക്കുകേട്ടും അനേകർ വഴിതെറ്റും. അതുകൊണ്ട് കെ.എ.ഏബ്രഹാമിന്റെ പ്രസംഗം മുഖവിലയ്ക്കെടുക്കരുത് എന്ന് കാര്യകാരണ സഹിതം വ്യക്തമാക്കാതെ പറ്റില്ല.

മൂക്കാതെ പഴുക്കുക എന്ന് കേട്ടിട്ടില്ലേ. അതാണ് കെ.എ.ഏബ്രഹാമിന് പറ്റിയത്. വിശ്വാസത്തിൽ എത്തിയ നാൾ മുതൽ പ്രസംഗം തുടങ്ങി. ദൈവവചനം എന്നു പറഞ്ഞാൽ ചുക്കാണോ ചുണ്ണാമ്പാണോ എന്ന് മനസ്സിലാക്കാതെ ആദ്യകാലത്ത് ശുദ്ധ വിവരക്കേട് പ്രസംഗിച്ചു. ഒറ്റനോട്ടത്തിൽ ഉഗ്രൻ സാഹിത്യം എന്നു തോന്നുന്ന കുറെ വാക്കുകൾ പ്രസംഗത്തിൽ ഉണ്ടായിരുന്നു. കേട്ടവരെല്ലാം അഭിനന്ദിച്ചു. ബൈബിൾ പഠിച്ചിട്ടു മതി പ്രസംഗം എന്നു പറയാൻ ആളുണ്ടായില്ല.

പ്രസംഗകനായശേഷം പഠിക്കാൻ ശ്രമിച്ചാൽ ഏറെയൊന്നും പഠിക്കുകയില്ല. ബൈബിൾ പഠിക്കാനും സെക്യുലർ വിഷയങ്ങളിൽ ജ്ഞാനം നേടാനും ഒക്കെ കെ.എ.ഏബ്രഹാം ശ്രമിച്ചെങ്കിലും ''എല്ലാം അറിയാവുന്നവൻ'' എന്ന ഭാവം ഉള്ളിൽ ഉണ്ടായിരുന്നതുകൊണ്ട് വസ്തുതകൾ ഗ്രഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ കെ.എ.ഏബ്രഹാം വിദ്യാഭ്യാസമുള്ള വിഡ്ഢിയായിത്തീർന്നു. പക്ഷേ ഈ വസ്തുത മിക്കവരും മനസ്സിലാക്കാതിരുന്നതുകൊണ്ട് ഇന്നും പ്രസംഗകനായി വിലസുന്നു.

ദൈവവചനം വ്യാഖ്യാനിക്കുന്നതിന് ചില അടിസ്ഥാന പ്രമാണങ്ങളൊക്കെയുണ്ട്. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കണമെന്നതാണ് അവയിൽ ഒന്ന്. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. (എങ്കിലും പഴയനിയമത്തിലെ എല്ലാ കാര്യങ്ങൾക്കും പുതിയനിയമത്തിൽ പൊരുൾ ഉണ്ടായിരിക്കണമെന്നുമില്ല). പക്ഷേ കെ.എ.ഏബ്രഹാമിന് പഴയനിയമം മാത്രമല്ല പുതിയനിയമവും നിഴലാണ്. കെ.എ.ഏബ്രഹാമിന് വായിൽ തോന്നുന്നത് പൊരുളും. അയ്യായിരം ആളുകൾ അപ്പം തിന്നതും ശേഷിപ്പിച്ചതും ഒക്കെ നിഴലായെടുക്കുകയും വായിൽ തോന്നിയ പൊരുൾ എടുക്കുകയും ചെയ്തത് ഈ വിധത്തിലാണ്. ഇതിൽ എന്താണ് തെറ്റ് എന്ന് ഈ വിദ്വാന് ഇതുവരെ മനസ്സിലായിട്ടില്ല എന്നതാണ് ഏറെ ദു:ഖകരം.

മിച്ചം വന്ന അപ്പക്കഷണങ്ങൾ ഇന്ത്യാക്കാരാണെന്ന് വ്യാഖ്യാനിക്കാൻ കാരണമെന്ത് എന്ന് ചോദിച്ചപ്പോൾ കെ.എ.ഏബ്രഹാം പറഞ്ഞ മറുപടി വിചിത്രമാണ്: ''അത് ദുരുപദേശമാകുന്നതെങ്ങനെ? ഇങ്ങനെ വ്യാഖ്യാനിച്ചാൽ എന്തു ദോഷമാണ് വരുന്നത്? നൂറുകണക്കിനു സ്റ്റേജുകളിൽ ഞാൻ ഇങ്ങനെ പ്രസംഗിച്ചുകഴിഞ്ഞു. എല്ലാവരും എന്നെ അഭിനന്ദിക്ക മാത്രമേ ചെയ്തിട്ടുള്ളൂ''. പൊന്നു മാളോരെ, ഈ രോഗം സൗഖ്യമാക്കാൻ പറ്റില്ല. ഇയാൾ വിവരക്കേട് പ്രസംഗിച്ചുകൊണ്ടേയിരിക്കും.

കർത്താവ് പറഞ്ഞ ഉപമകളിൽ ചിലതിന് പ്രതീകാത്മകമായ വ്യാഖ്യാനം കൊടുക്കാം. വിതയ്ക്കുന്നവന്റെ ഉപമ തന്നെ നല്ല ഉദാഹരണം. ദൈവരാജ്യത്തേക്കുറിച്ചുള്ള ഉപമകളിൽ നല്ലൊരു പങ്കും ഈ വിധത്തിൽ വ്യാഖ്യാനിക്കാം. പക്ഷേ പത്തു കന്യകമാരുടെ ഉപമ, നല്ല ശമര്യാക്കാരന്റെ കഥ, ധനവാന്റേയും ലാസറിന്റേയും കഥ തുടങ്ങിയവ അക്ഷരാർത്ഥത്തിൽ തന്നെ എടുക്കണം. എന്നാൽ കെ.എ.ഏബ്രഹാമിന് എന്തും ഏതും നിഴലാണ്. ബൈബിളിൽ നിഴലേ ഉള്ളൂ എന്ന ഭാവത്തിലാണ് വ്യാഖ്യാനം. ഈ നിഴലുകൾക്കൊക്കെ കെ.എ.ഏബ്രഹാമിന് മനസ്സിൽ തോന്നുന്ന എന്തു വ്യാഖ്യാനവും പൊരുളായി കൊടുക്കാം. ആരും ചോദ്യം ചെയ്യരുത്.

ഇല്ലാത്ത ജ്ഞാനം ഉണ്ടെന്നു കാണിക്കാനുള്ള തത്രപ്പാടിനിടയിൽ വിഡ്ഢിത്തം പ്രസംഗിക്കുന്ന പതിവ് മിക്ക പാസ്റ്റർമാർക്കും ഉണ്ട്. കെ.എ.ഏബ്രഹാമിന്റെ സ്ഥിതിയും ഇതുതന്നെ. ശാസ്ത്രം, ചരിത്രം തുടങ്ങിയവയിലൊക്കെ അഗാധ പാണ്ഡിത്യമുള്ള വ്യക്തിയാണ് താൻ എന്ന് വരുത്തിത്തീർക്കാൻ കെ.എ.ഏബ്രഹാം ഇടയ്ക്കൊക്കെ ശാസ്ത്രവും ചരിത്രവും മറ്റും പറയും. അത് ശുദ്ധ അസംബന്ധമാകുകയും ചെയ്യും. ചവറിൽ കേട്ട ചിലത് ഉദാഹരണമായി പറയാം.

ചാൾസ് രാജകുമാരൻ ഡയാനയെ വിവാഹം കഴിച്ചത് സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വെച്ചായിരുന്നു എന്ന് കെ.എ.ഏബ്രഹാം പറയുന്നു. അവർ എവിടെ വെച്ച് വിവാഹം കഴിച്ചാലും ദൈവമക്കൾക്ക് ഒന്നുമില്ല. പക്ഷേ അനാവശ്യമായി വിവരക്കേട് പറയുന്നതെന്തിന്? (ആ വിവാഹം നടന്നത് ലണ്ടനിലുള്ള സെന്റ് പോൾസ് കത്തീഡ്രലിൽ വെച്ചായിരുന്നു).

മരങ്ങളുടെ തടിയ്ക്കുള്ളിലൂടെ ''സലൈവ'' ഒഴുകുന്നതായി കെ.എ.ഏബ്രഹാം കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തത്തിന് നൊബേൽ സമ്മാനം കൊടുക്കേണ്ടതാണ്. ഉപബോധമനസ്സ് ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്ന ബോധമനസ്സിനേക്കുറിച്ചും ഒരു പ്രസംഗത്തിൽ ഈ മഹാപണ്ഡിതൻ പറയുന്നുണ്ട്.

കർത്താവ് ക്രൂശിൽ കിടന്ന് ''നിവൃത്തിയായി'' എന്ന് പറഞ്ഞു. അരാമ്യഗ്രീക്ക് ഭാഷയിലാണ് കർത്താവ് ഇതു പറഞ്ഞത് എന്നത്രേ കെ.എ.ഏബ്രഹാം പറയുന്നത്. പക്ഷേ അരാമ്യഗ്രീക്ക് ഭാഷ എന്നൊരു ഭാഷയില്ല. ഇംഗ്ലീഷ്ഹിന്ദി ഭാഷ എന്നു പറയുന്നതുപോലൊരു വിഡ്ഢിത്തമാണിത്. ഇല്ലാത്ത പാണ്ഡിത്യം ഉണ്ടെന്നു വരുത്തി തീർക്കാനുള്ള മോഹമാണ് ഇത്തരം അബദ്ധങ്ങൾക്ക് കാരണമാകുന്നത്.

ഒരു പദ്ധതി ദൈവഹിതമാണോ എന്ന് അറിയാൻ കെ.എ.ഏബ്രഹാം അഞ്ചുവിധ ടെസ്റ്റുകൾ പറയുന്നു. 1. പ്രാർത്ഥിക്കുമ്പോൾ ലഭിക്കുന്ന ഉൾക്കാഴ്ച. 2. ദർശനം. 3. വചനാനുസൃതം ആയിരിക്കണം. 4. സാഹചര്യം ഒരുങ്ങണം. 5. പ്രവചനം. ഈ അഞ്ചു കാര്യങ്ങളും ശരിയായാൽ മാത്രമേ ഒരു കാര്യം ദൈവഹിതമാണെന്ന് ഉറപ്പിക്കാനാവൂ എന്നത്രേ കെ.എ.ഏബ്രഹാം പറയുന്നത്. ഒരു ഉദാഹരണവും പറയുന്നുണ്ട്. ഒരു പെൺകുട്ടിക്ക് വിവാഹാലോചന വന്നു. നാലുകൂട്ടം കാര്യങ്ങൾ ഒത്തുവന്നു. പക്ഷേ വരൻ വലിയൊരു തുക സ്ത്രീധനം ചോദിച്ചു. അത് കൊടുക്കാനുള്ള വക ആ കുടുംബത്തിനില്ല. അതുകൊണ്ട് സാഹചര്യം നൽകുന്ന സന്ദേശം ഈ വിവാഹം ദൈവഹിതത്തിന് എതിരാണ് എന്നത്രേ. അതുകൊണ്ട് മറ്റ് നാലു കാര്യങ്ങളും ഒത്തുവന്നാലും ഈ വിവാഹം നടത്തരുത്.

എത്ര നല്ല ആശയം എന്ന് ആരും പറഞ്ഞുപോകും. പക്ഷേ ഈ സിദ്ധാന്തം ശുദ്ധ വിഡ്ഢിത്തമാണ്. വിശദീകരിക്കാം: പ്രാർത്ഥിച്ചപ്പോൾ ഉൾക്കാഴ്ച ലഭിച്ചതും ദൈവം ദർശനം തന്നതും പ്രവാചകൻ പ്രവചിച്ചതും ഈ വിവാഹത്തിന് അനുകൂലമായയാണ്. ദർശനം തന്ന ദൈവത്തിന് തെറ്റിയോ? പ്രവാചകന് തെറ്റിയോ? കൂടുതൽ സ്ത്രീധനം ചോദിക്കുമെന്ന് ദൈവം അറിഞ്ഞിരുന്നില്ലേ? വിവരമില്ലാത്തവരുടെ കൈയ്യടി നേടാൻ ഇത്തരം സിദ്ധാന്തങ്ങൾ ഉപകരിക്കുമെങ്കിലും ഇത് ദൈവമക്കളെ വഴിതറ്റിക്കുമെന്ന് തീർച്ച.

ഈ കുറിപ്പെഴുതുമ്പോൾ കെ.എ.ഏബ്രഹാമിന്റെ നാലോ അഞ്ചോ പ്രസംഗങ്ങൾ മാത്രമേ ചവറിൽ വന്നിട്ടുള്ളൂ. ഇവയിലെല്ലാംകൂടി ഏകദേശം 50 വിഡ്ഢിത്തങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. ശാസ്ത്രം, ചരിത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരക്കേടുകൾ, ദുർവ്യാഖ്യാനങ്ങൾ, അബദ്ധ സിദ്ധാന്തങ്ങൾ തുടങ്ങിയവയൊക്കെ ചേർത്തുള്ള കണക്കാണിത്. 25 മിനിട്ട് ദൈർഘ്യമുള്ള ഒരു പ്രസംഗത്തിൽ ശരാശരി 10 വിഡ്ഢിത്തം എന്ന കണക്കിനാണ് ഇപ്പോൾ പ്രസംഗം പൊടിപൊടിക്കുന്നത്.

കേരളത്തിലെ ഒന്നാംതരം പ്രസംഗകരിൽ ഒരാളുടെ കാര്യമാണ് ഇതുവരെ പറഞ്ഞത്. കെ.സി.ജോൺ, സുരേഷ് ബാബു, സാമച്ചൻ തുടങ്ങിയവരൊക്കെയാണ് ഈ നിരയിലുള്ള മറ്റു ചിലർ. എന്തു വിവരക്കേടും വിളിച്ചു പറയാനുള്ള ചങ്കൂറ്റമുണ്ടായാൽ പ്രസംഗകനായി. ടൈ കെട്ടി കോട്ടുമിട്ട് ഇറങ്ങിയാൽ അന്തർദ്ദേശീയ പ്രസംഗകനുമായി. പ്രസംഗം കേട്ട് ഹാലേലൂയ്യാ പറയാനും പണം വാരിക്കൊടുക്കാനും ജനം തയ്യാർ. ഇവരെ ആരെങ്കിലും ചോദ്യം ചെയ്തുപോയാൽ ആകാശം ഇടിഞ്ഞു വീഴുകയും ചെയ്യും.






# ജീഹാദ്: മാർപാപ്പാ പറഞ്ഞതെന്ത്?

ജീഹാദിനേക്കുറിച്ച് മാർപാപ്പാ നടത്തിയ ഒരു പരാമർശം ഏറെ വിവാദങ്ങൾക്ക് കാരണമായിരിക്കയാണ്. മാർപാപ്പാ എന്താണ് യഥാർത്ഥത്തിൽ പറഞ്ഞത് എന്ന് മനസ്സിലാക്കാതെയാണ് മിക്കവരും ബഹളം വയ്ക്കുന്നത്. അതുകൊണ്ട് മാർപാപ്പായുടെ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കയാണ്.

1391–1423 കാലത്ത് കോൺസ്റ്റാന്റിനോപ്പിൾ ഭരിച്ചിരുന്ന Manuel II Palaiologos ചക്രവർത്തി ഇസ്ലാമിനേക്കുറിച്ചും ജീഹാദിനേക്കുറിച്ചും പറഞ്ഞ കാര്യങ്ങൾ ഉദ്ധരിക്കുക മാത്രമാണ് മാർപാപ്പാ ചെയ്തത്. ഡിഫെൻഡറിന്റെ മൂന്നുപേജ് ദൈർഘ്യം വരുന്നതാണ് പ്രസംഗം. അതിന്റെ ആരംഭ ഭാഗത്താണ് വിവാദ പരാമർശമുള്ളത്. ആ ഭാഗവും പ്രസംഗത്തിന്റെ അവസാന ഭാഗവും താഴെ കൊടുക്കുന്നു:

It is a moving experience for me to be back again in the university and to be able once again to give a lecture at this podium. I think back to those years when, after apleasant period at the Freisinger Hochschule, I began teaching at the University of Bonn. That was in 1959, in the days of the old university made up of ordinary professors. The various chairs had neither assistants nor secretaries, but in recompense there was much direct contact with students and in particular among the professors themselves. We would meet before and after lessons in the rooms of the teaching staff. There was a lively exchange with historians, philosophers, philologists and, naturally, between the two theological faculties. Once a semester there was a *dies academicus*, when professors from every faculty appeared before the students of the entire university, making possible a genuine experience of *universitas* - something that you too, Magnificent Rector, just mentioned - the experience, in other words, of the fact that despite our specializations which at times make it difficult to communicate with each other, we made up a whole, working in everything on the basis of a single rationality with its various aspects and sharing responsibility for the right use of reason - this reality became a lived experience. The university was also very proud of its two theological faculties. It was clear that, by inquiring about the reasonableness of faith, they too carried out a work which is necessarily part of the "whole" of the *universitas scientiarum*, even if not everyone could share the faith which theologians seek to correlate with reason as a whole. This profound sense of coherence within the universe of reason was not troubled, even when it was once reported that a colleague had said there was something odd about our university: it had two faculties devoted to something that did not exist: God. That even in the face of such radical scepticism it is still necessary and reasonable to raise the question of God through the use of reason, and to do so in the context of the tradition of the Christian faith: this, within the university as a whole, was accepted without question.

I was reminded of all this recently, when I read the edition by Professor Theodore Khoury of part of the dialogue carried on - perhaps in 1391 in the winter barracks near Ankara - by the erudite Byzantine emperor Manuel II Paleologus and an educated Persian on the subject of Christianity and Islam, and the truth of both. It was presumably the emperor himself who set down this dialogue, during the siege of Constantinople between 1394 and 1402; and this would explain why his arguments are given in greater detail than those of his Persian interlocutor. The dialogue ranges widely over the structures of faith contained in the Bible and in the Qur'an, and deals especially with the image of God and of man, while necessarily returning repeatedly to the relationship between - as they were called - three "Laws" or "rules of life": the Old Testament, the New Testament and the Qur'an. It is not my intention to discuss this question in the present lecture; here I would like to discuss only one point - itself rather marginal to the dialogue as a whole - which, in the context of the issue of "faith and reason", I found interesting and which can serve as the starting-point for my reflections on this issue.

In the seventh conversation edited by Professor Khoury, the emperor touches on the theme of the holy war. The emperor must have known that surah 2, 256 reads: "There is no compulsion in religion". According to the experts, this is one of the suras of the early period, when Mohammed was still powerless and under threat. But naturally the emperor also knew the instructions, developed later and recorded in the Qur'an, concerning holy war. Without descending to details, such as the difference in treatment accorded to those who have the "Book" and the "infidels", he addresses his interlocutor with a startling brusqueness on the central question about the relationship between religion and violence in general, saying: "Show me just what Mohammed brought that was new, and there you will find things only evil and inhuman, such as his command to spread by the sword the faith he preached". The emperor, after



**Manuel II Palaiologos (1391-1423)**

having expressed himself so forcefully, goes on to explain in detail the reasons why spreading the faith through violence is something unreasonable. Violence is incompatible with the nature of God and the nature of the soul. "God", he says, "is not pleased by blood - and not acting reasonably is contrary to God's nature. Faith is born of the soul, not the body. Whoever would lead someone to faith needs the ability to speak well and to reason properly, without violence and threats... To convince a reasonable soul, one does not need a strong arm, or weapons of any kind, or any other means of threatening a person with death...".

The decisive statement in this argument against violent conversion is this: not to act in accordance with reason is contrary to God's nature. The editor, Theodore Khoury, observes: For the emperor, as a Byzantine shaped by Greek philosophy, this statement is self-evident. But for Muslim teaching, God is absolutely transcendent. His will is not bound up with any of our categories, even that of rationality. Here Khoury quotes a work of the noted French Islamist R. Arnaldez, who points out that Ibn Hazn went so far as to state that God is not bound even by his own word, and that nothing would oblige him to reveal the truth to us. Were it God's will, we would even have to practise idolatry.

At this point, as far as understanding of God and thus the concrete practice of religion is concerned, we are faced with an unavoidable dilemma. Is the conviction that acting unreasonably contradicts God's nature merely a Greek idea, or is it always and intrinsically true? I believe that here we can see the profound harmony between what is Greek in the best sense of the word and the biblical understanding of faith in God. Modifying the first verse of the Book of Genesis, the first verse of the whole Bible, John began the prologue of his Gospel with the words: "In the beginning was the logos. This is the very word used by the emperor: God acts, with *logos*. *Logos* means both reason and word - a reason which is creative and capable of selfcommunication, precisely as reason. John thus spoke the final word on the biblical concept of God, and in this word all the often toilsome and tortuous threads of biblical faith find their culmination and synthesis. In the beginning was the *logos*, and the *logos* is God, says the Evangelist. The encounter between the Biblical message and Greek thought did not happen by chance. The vision of Saint Paul, who saw the roads to Asia barred and in a dream saw a Macedonian man plead with him: "Come over to Macedonia and help us!" (cf. *Acts* 16:6-10) - this vision can be interpreted as a "distillation" of the intrinsic necessity of a rapprochement between Biblical faith and Greek inquiry.

........................................................

........................................................

And so I come to my conclusion. This attempt, painted with broad strokes, at a critique of modern reason from within has nothing to do with putting the clock back to the time before the Enlightenment and rejecting the insights of the modern age. The positive aspects of modernity are to be acknowledged unreservedly: we are all grateful for the marvellous possibilities that it has opened up for mankind and for the progress in humanity that has been granted to us. The scientific ethos, moreover, is - as you yourself mentioned, Magnificent Rector - the will to be obedient to the truth, and, as such, it embodies an attitude which belongs to the essential decisions of the Christian spirit. The intention here is not one of retrenchment or negative criticism, but of broadening our concept of reason and its application. While we rejoice in the new possibilities open to humanity, we also see the dangers arising from these possibilities and we must ask ourselves how we can overcome them. We will succeed in doing so only if reason and faith come together in a new way, if we overcome the self-imposed limitation of reason to the empirically verifiable, and if we once more disclose its vast horizons. In this sense theology rightly belongs in the university and within the wide-ranging dialogue of sciences, not merely as a historical discipline and one of the human sciences, but precisely as theology, as inquiry into the rationality of faith.

Only thus do we become capable of that genuine dialogue of cultures and religions so urgently needed today. In the Western world it is widely held that only positivistic reason and the forms of philosophy based on it are universally valid. Yet the world's profoundly religious cultures see this exclusion of the divine from the universality of reason as an attack on their most profound convictions. A reason which is deaf to the divine and which relegates religion into the realm of subcultures is incapable of entering into the dialogue of cultures. At the same time, as I have attempted to show, modern scientific reason with its intrinsically Platonic element bears within itself a question which points beyond itself and beyond the possibilities of its methodology. Modern scientific reason quite simply has to accept the rational structure of matter and the correspondence between our spirit and the prevailing rational structures of nature as a given, on which its methodology has to be based. Yet the question why this has to be so is a real question, and one which has to be remanded by the natural sciences to other modes and planes of thought - to philosophy and theology. For philosophy and, albeit in a different way, for theology, listening to the great experiences and insights of the religious traditions of humanity, and those of the Christian faith in particular, is a source of knowledge, and to ignore it would be an unacceptable restriction of our listening and responding. Here I am reminded of something Socrates said to Phaedo. In their earlier conversations, many false philosophical opinions had been raised, and so Socrates says: "It would be easily understandable if someone became so annoyed at all these false notions that for the rest of his life he despised and mocked all talk about being - but in this way he would be deprived of the truth of existence and would suffer a great loss". The West has long been endangered by this aversion to the questions which underlie its rationality, and can only suffer great harm thereby. The courage to engage the whole breadth of reason, and not the denial of its grandeur - this is the programme with which a theology grounded in Biblical faith enters into the debates of our time. "Not to act reasonably, not to act with *logos*, is contrary to the nature of God", said Manuel II, according to his Christian understanding of God, in response to his Persian interlocutor. It is to this great *logos*, to this breadth of reason, that we invite our partners in the dialogue of cultures. To rediscover it constantly is the great task of the university.

# ചാനൽ വിശേഷങ്ങൾ

## ഉലകമെങ്ങും ഉദ്ഘാടനം

കെ.സി.ജോൺ ഈയിടെയായി ചാനൽ ഉദ്ഘാടനം നടത്തുന്ന തിരക്കിലാണ്. കീശയിൽ പണമുള്ള നാലാളെ കണ്ടാൽ ഉടൻ ഒരു ഉദ്ഘാടനം അങ്ങ് നടത്തും. ഏതാനും ദിവസം മുൻപ്, കൃത്യമായി പറഞ്ഞാൽ സെപ്റ്റംബർ 30ന്, ബഹറിനിൽ ചവറിന്റെ ഉദ്ഘാടനം നടന്നു.

ഫെബ്രുവരി രണ്ടിനാണ് ചാനൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത്. തിരുമേനിമാരെ വരെ വിളിച്ച് തിരുവല്ലയിൽ ആ പരിപാടി പൊടിപൊടിച്ചു. അതുകഴിഞ്ഞ് ഫെബ്രുവരി 6ന് ഡൽഹിയിൽ വീണ്ടും ഉദ്ഘാടനം നടത്തി. അവിടെയും ഗംഭീര പരിപാടിയായിരുന്നു.

ഏതാനും ആഴ്ച മുൻപ് ദുബായിൽ ചാനൽ ഉദ്ഘാടനം ചെയ്തു. പരിപാടി സ്വാഭാവികമായും ഗംഭീരമായിരുന്നു. പവ്വർ വിഷന്റെ എബ്ബത്തിലേക്ക് കൈ നീട്ടി എല്ലാവരും ചാനലിനെ അനുഗ്രഹിക്കയും ചെയ്തു. ഇപ്പോൾ ഇതാ ബഹറിനിലും ഉദ്ഘാടനം നടന്നിരിക്കുന്നു.

അടുത്ത ഉദ്ഘാടനം എവിടെ? അറിഞ്ഞുകൂടാ. നല്ല ബാങ്ക് ബാലൻസുള്ള മൂന്നോ നാലോ ആളുകളെ എവിടെ കണ്ടാലും ഉദ്ഘാടനം നടത്തും എന്നതാണ് സ്ഥിതി. ഒമാൻ, കുവൈറ്റ്, ഖത്തർ തുടങ്ങിയ ഗൾഫ് രാജ്യങ്ങൾ ഇംഗ്ലണ്ട്, അമേരിക്ക, കാനഡ മുതലായ സമ്പന്ന രാഷ്ട്രങ്ങൾ തുടങ്ങി സാധിക്കുന്നിടത്തെല്ലാം ചവറിന്റെ ഉദ്ഘാടനം നടത്താൻ ഇടയുണ്ട്.

ഉദ്ഘാടനം നടത്തുന്ന സ്ഥലത്തുള്ള ഏതാനും ആളുകളെ പറഞ്ഞു മയക്കി പണം വാങ്ങും. അവരെ ചവറിന്റെ ഡയറക്ടർമാർ ആക്കിയെന്നും പറയും. ഒരു ടി.വി ചാനലിന്റെ അഞ്ചോ പത്തോ ലക്ഷം പോയാലെന്താ ഒരു ടി.വി ചാനലിന്റെ ഡയറക്ടറായില്ലേ എന്ന് അവരും കരുതും. ഇങ്ങനെ ശുംഭൻമാരെ പറ്റിച്ച് പണമുണ്ടാക്കാനാണ് കെ.സി. ജോൺ ഉദ്ഘാടനവുമായി ഉലകം ചുറ്റുന്നത്.

## അച്ചന്റെ സുവിശേഷം

ചവറിന്റെ ആദ്യ ഉദ്ഘാടനത്തിന് തിരുമേനിമാർ ക്ഷണിക്കപ്പെട്ട അതിഥികളായി എത്തിയിരുന്നു. അന്നുമുതൽ ഇന്നുവരെ ചവറിൽ തിരുമേനിമാരും അച്ചൻമാരും പ്രസംഗിക്കയും ചെയ്യുന്നുണ്ട്. എക്യൂമിനിസം മുതൽ ഒന്നാംതരം ദുരുപദേശം വരെ അവർ പ്രസംഗിക്കയും ചെയ്യുന്നു. സുവിശേഷം പ്രചരിപ്പിക്കാനെന്ന പേരിൽ ഉണ്ടാക്കിയ ചാനലിലൂടെ അങ്ങനെ ദുരുപദേശം പ്രചരിക്കുന്നു.

സമുദായക്കാരായ അച്ചൻമാരും തിരുമേനിമാരും ദൈവദാസൻമാരാണോ? അവർ സത്യസുവിശേഷമാണോ പ്രചരിപ്പിക്കുന്നത്? ആണെങ്കിൽ ഈ സമുദായങ്ങളിൽ നിന്ന് ആളെ പിടിച്ച് പെന്തക്കോസ്ത് ഉണ്ടാക്കുന്ന പരിപാടി നിർത്തണം. ഐ.പി.സി ഉൾപ്പെടെയുള്ള എല്ലാ പെന്തക്കോസ്ത് സഭകളും പിരിച്ചു വിടണം.

ഇവർ ദുരുപദേശമാണ് പ്രചരിപ്പിക്കുന്നതെങ്കിൽ, ഇവർ രക്ഷിക്കപ്പെട്ടവരല്ലെങ്കിൽ എന്തിന് ഇവരുടെ പ്രസംഗം സംപ്രേക്ഷണം ചെയ്യുന്നു? ഈ സമുദായങ്ങൾ ഉപേക്ഷിച്ച് പെന്തക്കോസ്തിൽ എത്തിയവർ വീണ്ടും ദുരുപദേശപ്രസംഗം കേൾക്കേണ്ട ഗതികേട് എന്തിന് ഉണ്ടാക്കുന്നു? ഈ ചോദ്യങ്ങൾക്കൊന്നും കെ.സി.ജോണും കൂട്ടരും മറുപടി പറയുകയില്ലെന്നറിയാം. എങ്കിലും ഈ തിൻമയ്ക്കെതിരെ പ്രതികരിക്കാതിരിക്കാൻ ഡിഫെൻഡറിന് കഴിയുകയില്ല.




## രുദ്രാക്ഷാനന്ദൻ ഗൾഫിൽ



ചവറിന്റെ മാർക്കറ്റിംഗ് മാനേജരും ക്രിസ്ത്യൻ ട്രൈബ്യൂണിന്റെ പബ്ലീഷറുമായ മാത്യൂസ് ലൂക്കോസ് ഗൾഫ് പര്യടനത്തിനു പുറപ്പെട്ടിരിക്കുന്നു. ഏതൊക്കെ ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കുമെന്ന് വ്യക്തമല്ല.

ലക്ഷക്കണക്കിനു കോപ്പികൾ പ്രചാരമുള്ള പത്രമാണ് ക്രിസ്ത്യൻ ട്രൈബ്യൂൺ എന്നു പറഞ്ഞ് ഗൾഫിലുള്ള നിരവധി ആളുകളെ കബളിപ്പിച്ച് പണം തട്ടിയ ചരിത്രമുള്ള മാത്യൂസ് വീണ്ടും ഇത്തരം തട്ടിപ്പ് നടത്താനാണ് പുറപ്പെട്ടിരിക്കുന്നത്.

രണ്ടുമാസം മുൻപ് ഗംഗയിൽ മുങ്ങി കാവിയുടുക്കുകയും രുദ്രാക്ഷം ധരിക്കയും ചെയ്ത മാത്യൂസ് കാവിയും രുദ്രാക്ഷവും മാറ്റി സാധാരണ വേഷത്തിലാണ് ഗൾഫിലേക്ക് പുറപ്പെട്ടിരിക്കുന്നത്. കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് ഭാര്യയെ നിരന്തരം പീഡിപ്പിക്കുകയും കൊല്ലാൻ വരെ ശ്രമിക്കയും ചെയ്തതിന്റെ പേരിൽ മാത്യൂസിനെതിരെ കോടതിയിൽ കേസ്സുണ്ട്. ഇപ്പോൾ ഭാര്യയേയും കുട്ടികളേയും ഭാര്യവീട്ടിൽ ആക്കിയിട്ട് ആരോടും പറയാതെ ഗൾഫിലേക്ക് കടക്കുകയാണ് ചെയ്തത്. പതിവുപോലെ ഇത്തവണയും മാത്യൂസ് ഗൾഫ് രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും പണം വാരുകയും ചെയ്യും എന്ന് കരുതാം.

## സൊറ: കെ.സി.ജോൺ വഹ

സൊറ പറയുക എന്നു പറഞ്ഞാൽ വെറുതെയിരുന്ന് കുറെ കൊച്ചുവർത്തമാനമൊക്കെ പറയുക എന്നാണ് അർത്ഥം. ഇത്തരത്തിൽ ഒരു പരിപാടി ഇപ്പോൾ കെ.സി.ജോൺ വഹയായി ചവറിലുണ്ട്.

കെ.സി.ജോൺ ഒരിടത്തിരുന്ന് അന്തരീക്ഷത്തോട് സംസാരിക്കുന്നു. സൂര്യന് കീഴിലുള്ള എന്തു വിഷയത്തേക്കുറിച്ചും കെ.സി.ജോൺ സംസാരിക്കും. വാലും തലയുമില്ലാതെ സംസാരിച്ചുകൊണ്ടേയിരിക്കും. എന്താണ് പറയുന്നതെന്ന് പ്രേക്ഷകർക്കോ കെ.സി.ജോണിനോ അറിഞ്ഞുകൂടാ. എന്നാലെന്താ, ഇങ്ങനെ കുറെ സമയം സംസാരിച്ചു എന്നത് വലിയ കാര്യമല്ലേ. മാത്രമല്ല, പ്രോഗ്രാമില്ലാതെ വലയുന്ന ചവറിന് അര മണിക്കൂർ പോയിക്കിട്ടുകയും ചെയ്യും.

## ചവറിനിടയിൽ ഏതാനും മുത്തുകളും

ചപ്പുചവറുകൾക്കിടയിൽ ചിലപ്പോൾ മുത്തുകളും മറ്റ് വിലപ്പെട്ട വസ്തുക്കളും കണ്ടേക്കാം. പക്ഷേ ചവറിനിടയിൽ മുത്തുകൾ കിടക്കുന്ന വസ്തുത മിക്കവരും അറിഞ്ഞില്ലെന്നു വരാം. ചവർ ചാനലിന്റെ കാര്യത്തിലും ഇതുതന്നെ സ്ഥിതി.

കാശിനു കൊള്ളാത്ത പ്രോഗ്രാമുകളാണ് ഈ ചാനലിൽ സാധാരണയായി വരുന്നത്. സുരേഷ് ബാബു, കെ.എ.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയവരുടെ പ്രസംഗം, സമുദായക്കാരുടെ ആൽബം, പരമ ബോറായ കാർട്ടൂൺ ചിത്രം തുടങ്ങിയവയാണ് സ്ഥിരം പരിപാടികൾ. പക്ഷേ ചിലപ്പോഴൊക്കെ നല്ല പ്രോഗ്രാമുകളും കാണാറുണ്ട്.

ആയിരത്തഞ്ഞൂറു വട്ടം പ്രദർശിപ്പിച്ച് ബോറടിപ്പിച്ചെങ്കിലും അന്നാ കണ്ടത്തിലിന്റെ അഭിമുഖം ഒന്നാംതരമായി. കലർപ്പില്ലാത്ത ദൈവവചനമാണ് ആ സഹോദരി പറഞ്ഞത്. അഭിനന്ദിക്കാതെ പറ്റില്ല.

ഐ.പി.സിയുടെ പിറവം സെന്റർ പാസ്റ്ററായ ബാബു ചെറിയാന്റെ ഏതാനും പ്രസംഗങ്ങൾ ചവറിൽ കേട്ടു. ഒന്നാംതരം. ശുദ്ധ സുവിശേഷമാണ് അദ്ദേഹം പറഞ്ഞത്. കെ.എ.ഏബ്രഹാമിനേപ്പോലെ വിഡ്ഢിത്തങ്ങൾ പറഞ്ഞുമില്ല. അനാവശ്യ ബഹളങ്ങളും ഒഴിവാക്കിയിരുന്നു.

പാസ്റ്റർ സണ്ണി കുര്യന്റെ ഒരു പ്രസംഗം അടുത്തയിടെ ചവറിൽ ഉണ്ടായിരുന്നു. വീണ്ടും ജനനത്തേക്കുറിച്ച് നല്ല ഒരു പ്രസംഗം അദ്ദേഹം നടത്തി. കുറ്റം പറയാൻ ഒന്നും കണ്ടില്ല.

മാത്യൂസ് ചാക്കോ മറ്റ് മൂന്നുപേരോടൊപ്പമിരുന്ന് നടത്തുന്ന വചനസ്ഫോടനവും മോശമാണെന്ന് പറയാനാവില്ല. പക്ഷേ ബിജു ഐസെക്ക് എന്ന പ്രകൃതി വിരുദ്ധനെ കൂട്ടത്തിൽ ചേർത്തത് നന്നായില്ല.

## കലയാണ് ഈശ്വരൻ

കലയും ഈശ്വരനും ഒന്നാണെന്ന് പവ്വർ വിഷൻ. സെപ്റ്റംബർ 30ന് രാത്രിയിൽ സംപ്രേക്ഷണം ചെയ്ത "ഭവനഗീതം" എന്ന പരിപാടിയിലാണ് അവതാരിക ഈ പ്രഖ്യാപനം നടത്തിയത്. വിവരംകെട്ട ഒരു പെണ്ണാണ് ഭവനഗീതം എന്ന പ്രോഗ്രാം സ്ഥിരമായി അവതരിപ്പിക്കുന്നത്. ഏതെങ്കിലും പണക്കാരന്റെ വീട്ടിലെത്തി അര മണിക്കൂർ കിന്നാരം പറയുന്ന പരിപാടിയാണ് ഭവനഗീതം.

ഒരു കലാകാരന്റെ വീട്ടിലെ കിന്നാരമാണ് സെപ്റ്റംബർ 30ന് അവതരിപ്പിച്ചത്. എല്ലാം കഴിഞ്ഞ് ഉപസംഹാരമായി ഈ പെണ്ണ് ഇപ്രകാരം പറഞ്ഞു: "അങ്ങനെ കലയും ഈശ്വരനും ഒന്നാണെന്ന് ഈ കുടുംബം തെളിയിക്കുന്നു". പറയുന്നത് പവ്വർ വിഷന്റെ അവതാരിക ആയതുകൊണ്ട് അത് പവ്വർ വിഷന്റെ നിലപാടായി സ്വീകരിക്കാം. ഇതിൽപ്പരം ഒരു വേദവിപരീതം പറയാൻ പറ്റുമെന്ന് തോന്നുന്നില്ല. ഇതാണ് ചവറിന്റെ സുവിശേഷമെങ്കിൽ സംഗതി അസ്സലാകും.



നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
വിളിക്കൂ: 94474 14608

RNI No. 68089 / 97
2006 October 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു എന്നറിയാൻ മരുപ്പച്ചയുടെ സെപ്റ്റംബർ 5 ലക്കം നോക്കുക. അച്ചൻകുഞ്ഞിന്റെ ഇരട്ടത്താപ്പിന്റെ ഭീകരദൃശ്യം അവിടെ കാണാം.

''തലവേദന സൃഷ്ടിക്കുന്ന തൊങ്ങൽ ഗ്രൂപ്പുകൾ'' എന്ന തലക്കെട്ടിൽ, രണ്ടാം പേജിൽ, അച്ചൻകുഞ്ഞ് എഡിറ്റോറിയൽ എഴുതിയിരിക്കുന്നു. ''പെന്തക്കോസ്ത് മുന്നേറ്റം അപ്പൊസ്തലികത്തിന്റെ പിൻതുടർച്ചയും ക്രിസ്ത്യാനിത്വത്തിന്റെ പ്രദർശനവുമാണ്. സമ്പന്നമായ വിശ്വാസമുള്ള ഈ മുന്നേറ്റത്തെ കൾട്ട് ഗ്രൂപ്പുകളുടെ ലിസ്റ്റിൽപ്പെടുത്തി അവഹേളിക്കാൻ ആർക്കാണധികാരം?'' എന്ന വാചകക്കസർത്ത് ഹൈലൈറ്റ് ചെയ്ത് കൊടുത്തിട്ടുമുണ്ട്. ഇതൊക്കെ വായിക്കുമ്പോൾ വിവരംകെട്ട പെന്തക്കോസ്തുകാർ കോരിത്തരിക്കുമെന്നും അച്ചൻകുഞ്ഞിനെ വാഴ്ത്തുമെന്നും അച്ചൻകുഞ്ഞിനറിയാം. അതുകൊണ്ടാണ് ഈ മാന്യദേഹം ഇങ്ങനെ എഴുതുന്നത്. സ്വന്തം മന:സാക്ഷിയെ വഞ്ചിച്ചുകൊണ്ട് ഇങ്ങനെയൊക്കെ എഴുതാൻ അച്ചൻകുഞ്ഞിന് അല്പം പോലും ശങ്കയുമില്ല.

നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശ്വസിച്ചാൽ രക്ഷിക്കപ്പെടുമെന്നും മറ്റുള്ള കാര്യങ്ങളെല്ലാം അവഗണിക്കാവുന്നതാണെന്നും അച്ചൻകുഞ്ഞ് വിശ്വസിക്കുന്നു. കത്തോലിക്കർ ഉൾപ്പെടെയുള്ള ഏതു ക്രൈസ്തവ പ്രസ്ഥാനവും അച്ചൻകുഞ്ഞിന് സ്വീകാര്യമാണ്. കത്തോലിക്കാ വിശ്വാസാചാരങ്ങളിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ടുതന്നെ രക്ഷിക്കപ്പെടാമെന്ന നിലപാടാണ് അച്ചൻകുഞ്ഞിനുള്ളത്. മദർ തെരേസയെ രക്ഷിക്കപ്പെട്ട വ്യക്തിയെന്ന നിലയിൽ കണക്കാക്കുക മാത്രമല്ല മദറിന്റെ രണ്ടു ഫോട്ടോകൾ മരുപ്പച്ചയുടെ ഓഫീസിൽ വയ്ക്കുകയും ചെയ്തിരിക്കുന്നു. കത്തോലിക്കാമതം പ്രചരിപ്പിക്കുന്നതിന് ജീവിതം തന്നെ മാറ്റിവെച്ച ബെന്നി പുന്നത്തറയെ രക്ഷിക്കപ്പെട്ടവനായി അംഗീകരിക്കുക മാത്രമല്ല ബെന്നിയെ മരുപ്പച്ചയുടെ സ്ഥിരം എഴുത്തുകാരനാക്കുകയും ചെയ്തിരിക്കുന്നു. എല്ലാറ്റിലും ഉപരിയായി, അച്ചൻകുഞ്ഞ് കൗൺസിൽ അംഗം വരെ ആയിരിക്കുന്ന ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങൾ അക്ഷരാർത്ഥത്തിൽ സ്വീകാര്യമല്ലെന്ന് അച്ചൻകുഞ്ഞ് തുറന്ന് പറയുകയും ചെയ്യുന്നു. ഇങ്ങനെയുള്ള അച്ചൻകുഞ്ഞാണ് പെന്തക്കോസ്തിന്റെ സംരക്ഷകനായി രംഗത്തെത്തിയിരിക്കുന്നത്. എന്തിന്?

അച്ചൻകുഞ്ഞ് രക്ഷിക്കപ്പെട്ടവനല്ല. രക്ഷ എന്നാൽ എന്തെന്ന് അച്ചൻകുഞ്ഞ് മനസ്സിലാക്കിയിട്ടുമില്ല. എങ്കിലും രക്ഷക്കപ്പെട്ടവനേപ്പോലെ അച്ചൻകുഞ്ഞ് അഭിനയിക്കും. രക്ഷയേക്കുറിച്ച് അതിഗംഭീരമായി പ്രസംഗിക്കും, എഴുതും. ശുദ്ധ തട്ടിപ്പ്.

ബൈബിൾ ദൈവവചനമാണെന്ന് അച്ചൻകുഞ്ഞ് വിശ്വസിക്കുന്നില്ല. എങ്കിലും ബൈബിളിനുവേണ്ടി ജീവൻ കൊടുത്ത് പോരാടാൻ തയ്യാറാണെന്ന ഭാവത്തിൽ അച്ചൻകുഞ്ഞ് പെരുമാറും. ഏതാനും വർഷം മുൻപ് ഉണ്ടായ അപ്പോക്രീഫാ വിവാദം തന്നെ നല്ല ഉദാഹരണം. ബൈബിൾ വിശ്വാസമില്ലാത്ത അച്ചൻകുഞ്ഞ് അപ്പോക്രീഫാ വിരുദ്ധരുടെ മുൻപന്തിയിൽ ഉണ്ടായിരുന്നു. പക്ഷേ അപ്പോക്രീഫാ എന്നാൽ എന്തെന്ന് അച്ചൻകുഞ്ഞിന് അന്നും ഇന്നും അറിഞ്ഞുകൂടാ.

എവിടെയെങ്കിലും ഒരു ക്രൈസ്തവ പീഡനമുണ്ടായെന്നു കേട്ടാൽ അച്ചൻകുഞ്ഞിന് സന്തോഷമാകും. അടുത്തലക്കം മരുപ്പച്ചയ്ക്കുള്ള പ്രധാന തലക്കെട്ടായി. സംശയമുള്ളവർ മരുപ്പച്ച ശ്രദ്ധിച്ചു വായിക്കുക. മിക്ക ലക്കങ്ങളിലും ഒന്നാം പേജിൽത്തന്നെ ക്രൈസ്തവ പീഡനത്തിന്റെ വാർത്തയുണ്ടാകും. എന്താണ് കാരണം? അങ്ങിങ്ങായി നടക്കുന്ന ചെറിയ സംഭവങ്ങൾ ഊതിപ്പെരുപ്പിച്ച് വലിയ തലക്കെട്ടാക്കി മുതലെടുപ്പ് നടത്തുകയാണ് അച്ചൻകുഞ്ഞ് ചെയ്യുന്നത്. ക്രൈസ്തവരുടെ സംരക്ഷകൻ എന്ന ലേബൽ ലഭിക്കാനുള്ള പരിപാടിയാണിത്.

പെന്തക്കോസ്തിന്റെ സംരക്ഷകൻ എന്ന നിലയിലും അച്ചൻകുഞ്ഞ് ചിലപ്പോൾ അവതരിക്കാറുണ്ട്. ഒസ്താത്തിയോസ് ഉറക്കെ ഒന്നു തുമ്മിയാൽ മരുപ്പച്ചയിൽ ലേഖനം ഉറപ്പ്. പെന്തക്കോസ്തുകാരുടെ കൈയ്യടി ലഭിക്കാൻ ഇത്തരം ചെപ്പടിവിദ്യകൾ ഒട്ടൊന്നുമല്ല ഉപകരിച്ചിട്ടുള്ളത്. ഇതൊക്കെ ചെയ്യുന്ന അച്ചൻകുഞ്ഞ് കത്തോലിക്കരുടെ ആർച്ച് ബിഷപ്പിനെ അനുമോദിക്കാൻ പോയതിന്റെ ഗുട്ടൻസ് എന്താണാവോ?

പെന്തക്കോസ്തുകാർക്ക് അനുകൂലമായി അച്ചൻകുഞ്ഞ് ഇപ്പോൾ ലേഖനം എഴുതാൻ എന്താണ് കാരണം? പറയാം. അച്ചൻകുഞ്ഞ് പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വാസമില്ലാത്ത വ്യക്തിയാണെന്ന് ഡിഫെൻഡർ എഴുതുന്നതുമൂലം അച്ചൻകുഞ്ഞ് ഏറെ ബുദ്ധിമുട്ടുന്നുണ്ട്. ഉടൻ എന്തെങ്കിലും ചെയ്തില്ലെങ്കിൽ കള്ളി വെളിച്ചത്താകും എന്ന് അച്ചൻകുഞ്ഞിന് ബോദ്ധ്യമായി. പക്ഷേ എന്തു ചെയ്യണമെന്ന് അറിഞ്ഞുകൂടാ. ഡിഫെൻഡർ പറയുന്നത് ശരിയല്ല എന്ന് പറഞ്ഞാൽ ഡിഫെൻഡർ തെളിവുകൾ ഹാജരാക്കും. അത് കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമാകും. മിണ്ടാതിരുന്നതുകൊണ്ടും പ്രയോജനമില്ല. കാരണം, ഡിഫെൻഡർ എഴുത്ത് നിർത്തുന്നില്ല. അതുകൊണ്ട് ഡിഫെൻഡർ എഴുതുന്നത് കണ്ടില്ലെന്നു നടിച്ചുകൊണ്ട് പെന്തക്കോസ്തിന് അനുകൂലമായി എഴുതുക. ഡിഫെൻഡറിനേക്കുറിച്ച് മിണ്ടുന്നില്ല. എന്നാൽ പെന്തക്കോസ്തിന് അനുകൂലമായി എഴുതി പ്രശ്നം പരിഹരിക്കുക. ഈ തന്ത്രത്തിന്റെ ഭാഗമായാണ് അച്ചൻകുഞ്ഞ് ഇപ്പോൾ സമുദായക്കാരെ വിമർശിച്ചും പെന്തക്കോസ്തുകാരെ വാനോളം പുകഴ്ത്തിയും എഴുതുന്നത്. ഡിഫെൻഡർ അച്ചൻകുഞ്ഞിനെ എതിർക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് ഇതു തന്നെ. പെന്തക്കോസ്തുകാരനാണെന്ന് പറഞ്ഞു നടക്കുക. പെന്തക്കോസ്ത് സഭയായ ഐ.പി.സിയിൽ അംഗമായിരിക്കുക. ഐ.പി.സിയുടെ കൗൺസിൽ അംഗം വരെ ആയിരിക്കുക. എന്നിട്ട് പെന്തക്കോസ്ത് വിശ്വാസപ്രമാണങ്ങളെ തള്ളിപ്പറയുക. ദുരുപദേശം പ്രചരിപ്പിക്കുക. ഇണയില്ലാപ്പിണ കൂടുക. സമുദായങ്ങളുമായി എല്ലാ വിധത്തിലും സഹകരിക്കുക. ഇടയ്ക്കൊക്കെ ഈ സമുദായക്കാരെ വിമർശിച്ച് പെന്തക്കോസ്തുകാരുടെ കൈയ്യടി നേടുക. ഓന്തിനുപോലും ഇത്ര വേഗം നിറം മാറാൻ കഴിയുമെന്ന് തോന്നുന്നില്ല.

അച്ചൻകുഞ്ഞ് ആട്ടിൻ തോലിട്ട ചെന്നായാണ്. നമ്മുടെ സ്നേഹസദ്യയിൽ മറഞ്ഞു കിടക്കുന്ന കല്ലുകളാണ് ഇത്തരക്കാർ. മൊവാബ്യ രാജാവ് കൊടുത്ത പണം അച്ചൻകുഞ്ഞിന്റെ പോക്കറ്റിലുണ്ട്. ദൈവജനത്തെ ഇണയില്ലാപ്പിണ കൂട്ടി നശിപ്പിക്കുകയാണ് സാത്താന്റെ ലക്ഷ്യം. ഇതു കണ്ട് മിണ്ടാതിരിക്കാൻ ഡിഫെൻഡറിനാവില്ല. അതുകൊണ്ടാണ് ഡിഫെൻഡർ അച്ചൻകുഞ്ഞിനെ എതിർക്കുന്നത്.

(അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളേക്കുറിച്ചുള്ള ലേഖനങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ തുടരും).

# കൾട്ടും പെന്തക്കോസ്തും

പെന്തക്കോസ്തുകാരെ കൾട്ട് ഗ്രൂപ്പുകളുടെ ലിസ്റ്റിൽ പെടുത്തുന്നവർക്കെതിരെ അച്ചൻകുഞ്ഞ് ആഞ്ഞടിക്കുകയാണ്. പക്ഷേ അടുത്ത കാലത്തൊന്നും പെന്തക്കോസ്തുകാരെ സമുദായക്കാർ കൾട്ടിൽ ഉൾപ്പെടുത്തിയതായി അറിവില്ല. അങ്ങനെ ഒരു സംഭവം ഈയിടെ നടന്നതായി അച്ചൻകുഞ്ഞും പറയുന്നില്ല. പിന്നെന്തിന് അച്ചൻകുഞ്ഞ് ഇങ്ങനെ ആവേശം കൊള്ളുന്നു? ഡിഫെൻഡർ എഴുതുന്നതിന് മറുപടി പറയാനും വയ്യ, പറയാതിരിക്കാനും വയ്യ. അതുകൊണ്ട് താൻ കറകളഞ്ഞ പെന്തക്കോസ്തുകാരനും പെന്തക്കോസ്തിന്റെ സംരക്ഷകനുമാണെന്ന് വരുത്തിതീർക്കാനാണ് അച്ചൻകുഞ്ഞിന്റെ ശ്രമം.

എന്താണ് കൾട്ട്? അത് അച്ചൻകുഞ്ഞിന് അറിഞ്ഞുകൂടാ. പക്ഷേ പെന്തക്കോസ്തിൽ കൾട്ട് അശേഷമില്ല എന്ന കാര്യത്തിൽ സംശയവുമില്ല. ഏതായാലും കൾട്ട് എന്നാൽ എന്ത് എന്ന് ആദ്യമായി പറയാം. (ക്രിസ്ത്യൻ കൾട്ടുകളേക്കുറിച്ചു മാത്രമാണ് ഇവിടെ പറയുന്നത്).

ക്രിസ്ത്യൻ കൾട്ടുകളേക്കുറിച്ച് ആഴമായ പഠനങ്ങൾ നടത്തിയിട്ടുള്ള ദൈവശാസ്ത്ര പണ്ഡിതർ ക്രിസ്ത്യൻ കൾട്ടുകൾക്ക് കണ്ടുവരുന്ന പ്രധാന ലക്ഷണങ്ങളായി പറയുന്നത് ഇവയാണ്:

1. ത്രിത്വ നിഷേധം
2. മറ്റൊരു ക്രിസ്തു
3. നരകനിഷേധം
4. മനുഷ്യന് മരണശേഷം നിലനിൽക്കുന്ന ആത്മാവില്ലെന്നവാദം
5. കള്ളപ്രവചനം
6. ബൈബിൾ മാത്രമായിരിക്കില്ല ആധാരം
7. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം
8. രഹസ്യ സ്വഭാവം
9. തങ്ങൾ മാത്രമാണ് ദൈവസഭ എന്ന വാദം
10. അപ്രമാദിത്വം

ചില കൾട്ടുകൾക്ക് ഈ ലക്ഷണങ്ങളിൽ ചിലത് കണ്ടില്ലെന്നും വരാം.

എല്ലാ ലക്ഷണങ്ങളും തികഞ്ഞ കൾട്ടുകളാണ് യഹോവാ സാക്ഷികൾ, ക്രിസ്റ്റാഡെൽഫിയൻ, മൊർമോൺ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയവ. പക്ഷേ ശാബതുകാർ ത്രിത്വത്തിൽ വിശ്വസിക്കുന്നു. എങ്കിലും യേശു മിഖായേലാണെന്ന് പറയുകയും ചെയ്യും. മറ്റെല്ലാ ലക്ഷണങ്ങളും അവർക്കുണ്ട്.

റ്റി.പി.എം. എന്ന പേരിൽ അറിയപ്പെടുന്ന പെന്തക്കോസ്ത് പ്രസ്ഥാനം ഒന്നാംതരം കൾട്ടാണ്. അവർ ത്രിത്വത്തിൽ വിശ്വസിക്കുന്നുണ്ട്. എങ്കിലും മൽക്കീസേദേക്ക് പരിശുദ്ധാത്മാവാണെന്നു പറയും. നരകം ഇല്ല എന്ന് റ്റി.പി.എം. പറയുന്നില്ല. പക്ഷേ മറ്റെല്ലാ ലക്ഷണങ്ങളും റ്റി.പി.എമ്മിനുണ്ട്. ചില ഉദാഹരണങ്ങൾ:

ബൈബിളാണ് തങ്ങളുടെ ആധാരം എന്ന് റ്റി.പി.എം പറയുമെങ്കിലും ബൈബിളിന് ആൽവിനും പോളും കൊടുത്ത വ്യാഖ്യാനമാണ് ഇവരുടെ ആധാരം. അതിൽ നിന്ന് അങ്ങോട്ടോ ഇങ്ങോട്ടോ മാറാൻ അവർ തയ്യാറല്ല. ബൈബിളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും റ്റി.പി.എം നിലപാട് മാറ്റുകയില്ല.

തങ്ങളുടെ സംഘടനയാണ് സഭ എന്ന് അവർ പഠിപ്പിക്കുന്നു. റ്റി.പി.എമ്മിന്റെ തലവനാണ് ദൈവസഭയുടെ നേതാവ്. ഈ നേതാവിന് തെറ്റു പറ്റുകയില്ല. റ്റി.പി.എമ്മിന് പുറത്ത് രക്ഷയില്ല.

രഹസ്യങ്ങളുടെ കലവറയാണ് റ്റി.പി.എം. സാധാരണക്കാരായ വിശ്വാസികളോ താഴേക്കിടയിലുള്ള പാസ്റ്റർമാരോ ഏറെയൊന്നും അറിയുകയില്ല. പെന്തക്കോസ്തിൽ കൾട്ടില്ല എന്ന് അച്ചൻകുഞ്ഞ് പറയുന്നത് ഈ കാരണത്താൽ അംഗീകരിക്കാനാവില്ല.

അപ്രമാദിത്വം, ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം, തങ്ങൾ മാത്രമാണ് ദൈവസഭ എന്ന വാദം, രഹസ്യസ്വഭാവം തുടങ്ങി പലതും കത്തോലിക്കാ സഭ ഉൾപ്പെടെ പല പ്രസ്ഥാനങ്ങളിലുമുണ്ടല്ലോ. അവയും കൾട്ടാണോ? തീർച്ചയായും അല്ല. ഈ പ്രസ്ഥാനങ്ങലിലുള്ള ദുരുപദേശങ്ങളാണ് ഇവ. പക്ഷേ കൾട്ട് എന്ന നിലവാരത്തിലേക്ക് തരംതാഴാൻ ഇത്രമാത്രം പോരാ. വിശ്വാസസത്യമായി സഭ പ്രഖ്യാപിച്ച കാര്യങ്ങളിൽ ഒഴികെയുള്ള വിഷയങ്ങളിൽ അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. ഏതു സംഘടനയിലും ഉള്ളതുപോലെയുള്ള രഹസ്യങ്ങൾ കത്തോലിക്കാസഭയിലും ഉണ്ടെങ്കിലും കൾട്ടുകളിലുള്ളതുപോലെയുള്ളവയല്ല അവ.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനമെന്നു പറയപ്പെടുന്ന ഐ.പി.സിയിൽ പോലും കൾട്ടിന്റെ ചില ലക്ഷണങ്ങളുണ്ട്. പക്ഷേ പൂർണ്ണമായ അർത്ഥത്തിൽ ഐ.പി.സി കൾട്ടല്ല. എന്നാൽ പെന്തക്കോസ്ത് ലേബലുള്ള ഒട്ടേറെ ചെറുകൂട്ടങ്ങൾ കൾട്ടുകളാണ്, അല്ലെങ്കിൽ കൾട്ടുകളായി മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പെന്തക്കോസ്തിൽ കൾട്ടേയില്ല എന്ന് പറയാനാവില്ല.

ഒരു വിഷയത്തേക്കുറിച്ചും ആഴമായ അറിവ് അച്ചൻകുഞ്ഞിനില്ല. എങ്കിലും സൂര്യനു കീഴിലുള്ള എന്തിനേക്കുറിച്ചും അച്ചൻകുഞ്ഞ് എഴുതും. എഴുത്തിന്റെ രീതി കണ്ടാൽ കക്ഷി ഉഗ്രൻ പണ്ഡിതനാണെന്ന് തോന്നുകയും ചെയ്യും. ഇതാണ് അച്ചൻകുഞ്ഞിന്റെ വിജയരഹസ്യം.




Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan